**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 19, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) തിരുവനന്തപുരം നഗരത്തിലെ ഗതാഗതപ്രശ്നം പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം.എ. വാഹീദ്: തിരുവനന്തപുരം നഗരം ഇന്ന് വാഹനപ്പെരുപ്പം കാരണം പൊറുതിമുട്ടുകയാണ്. ഈ നഗരം ഇന്നൊരു കുടിയേറ്റ പ്രദേശമായി മാറിക്കഴിഞ്ഞിരിക്കുന്നു. 15 വർഷത്തിനു മുൻപുണ്ടായിരുന്നതിനേക്കാൾ പതിൻമടങ്ങ് വാഹനങ്ങളാണ് ഇപ്പോൾ തിരുവനന്തപുരം നഗരത്തിലുള്ളത്. ശാസ്ത്രീയമായ പാർക്കിംഗ് സംവിധാനത്തിന്റെ അപര്യാപ്തതകൊണ്ട് വാഹനങ്ങൾ റോഡിലാണ് പാർക്ക് ചെയ്യുന്നത്. തിരുവനന്തപുരം നഗരസഭയുടെ കഴിഞ്ഞ പത്തിരുപത്തഞ്ച് വർഷക്കാലത്തെ തെറ്റായ നഗരവൽക്കരണത്തിന്റെ ഭാഗമായുണ്ടായ അപാകതകളും വാഹനപ്പെരുപ്പവും കാരണം ശ്വാസം മുട്ടുന്ന ഈ നഗരത്തിൽ കാൽനടയാത്രപോലും

അസാദ്ധ്യമായിരിക്കുകയാണ്. നഗരത്തിലെ ഒരൊറ്റ ഹോട്ടൽ-വ്യാപാര സമുച്ചയത്തിനും മതിയായ പാർക്കിംഗ് സൗകര്യമില്ല. ട്രാഫിക് പോലീസിന് വാഹനങ്ങൾ നിയന്ത്രിക്കാൻ കഴിയുന്നില്ല. സിറ്റിക്കകത്തുള്ള കല്ല്യാണ മണ്ഡപങ്ങളിലും ആശുപത്രികളിലും വരുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യങ്ങളില്ല. വാഹനങ്ങൾ റോഡിൽ പാർക്ക് ചെയ്യുന്നതുകൊണ്ട് കാൽനടയാത്രക്കാർക്ക് യാത്രചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാവുന്നു. അതുകൊണ്ട് ഒന്നോ രണ്ടോ എ.സി.മാരുടെ കീഴിൽ പ്രവർത്തിക്കുന്ന ഇപ്പോഴത്തെ ട്രാഫിക് സംവിധാനം ഒരു എസ്.പി.യുടെ കീഴിൽ കൊണ്ടുവന്ന് ഈ സംവിധാനം മെച്ചപ്പെടുത്തണം. തിരുവനന്തപുരം നഗരസഭയിലെ ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ലൈസൻസ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പാർക്കിംഗ് സൗകര്യം ഉണ്ടാക്കാൻ നിർദ്ദേശം നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനനുസൃതമായി സമഗ്ര വാഹന പാർക്കിംഗ് സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. നഗരത്തിന്റെ ചില ഭാഗങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലമുണ്ടാകുന്ന ഗതാഗത തടസ്സം ട്രാഫിക് പോലീസുകാരെ നിയോഗിച്ചും നോപാർക്കിംഗ് ബോർഡുകൾ സ്ഥാപിച്ചും പരമാവധി ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. നഗരത്തിലെ പാർക്കിംഗ് ഉൾപ്പെടെയുള്ള സമഗ്ര ട്രാഫിക് സംവിധാനത്തിന് നാട്പാക്, തിരുവനന്തപുരം കോർപ്പറേഷൻ, പി.ഡബ്ളിയു.ഡി., പോലീസ് വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ ഒരു മാസ്റ്റർ പ്ളാൻ ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കണം. തദ്ദേശഭരണ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ആവശ്യമായത് ചെയ്യുന്നതാണ്. സംസ്ഥാനത്തൊട്ടാകെ

യുള്ള ട്രാഫിക് സിസ്റ്റം സംബന്ധിച്ച പരിശോധനയ്ക്ക് ഉദ്ദേശിക്കുന്നുണ്ട്. ഇതിനുവേണ്ടി ഐ.ജി.യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിംഗിൽ ആവശ്യത്തിനു പോലീസുകാർ ഇല്ലാത്തതിനാൽ കൂടുതൽ പോലീസുകാരെ നിയോഗിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്. പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് ക്രമീകരണമുണ്ടാക്കുന്ന അവസരത്തിൽ തിരുവനന്തപുരം നഗരത്തിന് പ്രത്യേകം പരിഗണന നൽകുന്നതാണ്.

(2) ശബരി റെയിൽപ്പാതയുടെ സർവ്വേ നടപടികളിലെ അപാകത

ശ്രീ.പി.സി.ജോർജ്: ഇൻഡ്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ ശബരിമലയ്ക്കുവേണ്ടി ശബരി റെയിൽവേ എന്ന പേരിൽ ഉദ്ദേശിക്കുന്ന 147 കി.മീറ്റർ വരുന്ന അങ്കമാലി-അഴുത റെയിൽപ്പാത അഴുതയിലാണ് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. പ്രസ്തുത റെയിൽപ്പാത 43 കിലോമീറ്റർ വരുന്ന കോട്ടയം-അഴുത അല്ലെങ്കിൽ 47 കിലോമീറ്ററോളം വരുന്ന ചെങ്ങന്നൂർ-അഴുത എന്ന റെയിൽപ്പാതയാക്കി മാറ്റിയാൽ ആ പ്രദേശത്തെ ജനങ്ങൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളും മറ്റും ഒഴിവാക്കാൻ സാധിക്കും. മലയോര റെയിൽവേ എന്ന കാഴ്ചപ്പാടാണ് ഉദ്ദേശിക്കുന്നതെങ്കിൽ തൊടുപുഴ-മൂലമറ്റം-ഉപ്പുതറ-വണ്ടിപ്പെരിയാർ വഴി അഴുത പാതയ്ക്ക് 55 കി.മീറ്റർ മതിയാകും. ഇടുക്കി വഴിയാണ് പാത പോകുന്നതെങ്കിൽ മധുരയുമായി ലിങ്ക് ഉണ്ടാക്കാൻ സാധിക്കും. ശബരിമല ട്രെയിൻ സീസണൽ ആണ്. അതുകൊണ്ട് ഇപ്പോൾ പ്രൊപ്പോസ് ചെയ്തിരിക്കുന്ന അങ്കമാലി-അഴുത റെയിൽപ്പാത അപ്രായോഗികമാണെന്ന കാര്യം ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ): ഭാരതത്തിലെ ഏറ്റവും

പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ ശബരിമലയ്ക്ക് ഒരു റെയിൽപ്പാത നിർമ്മിക്കണമെന്നത് കേരളത്തിന്റെ മാത്രമല്ല, ദക്ഷിണേൻഡ്യയിലെ മുഴുവൻ ജനങ്ങളുടെയും ആവശ്യമാണ്. കേരള സർക്കാർ കഴിഞ്ഞ കാലങ്ങളിൽ ഇതിനുവേണ്ടി ധാരാളം പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ ശബരി റെയിൽപ്പാത എന്ന നിലയിൽ വന്നിരിക്കുന്നത് അങ്കമാലി മുതൽ അഴുത വരെയാണ്. ഇത് കടന്നു പോകുന്ന പ്രദേശം ടൈഗർ ഫോറസ്റ്റാണ്. അതുകൊണ്ടാണ് ഈ റെയിൽപ്പാത അങ്കമാലിയിൽ ആരംഭിച്ച് അഴുത വരെ നിർത്തിയത്. ഇതിന് റെയിൽവേ ബോർഡും റെയിൽവേ മന്ത്രാലയവും അനുമതി നൽകിക്കഴിഞ്ഞു. ഈ പാതയുടെ നിർമ്മാണത്തിനായി എറണാകുളം ജില്ലയിൽ 207.54 ഹെക്ടർ സ്ഥലവും ഇടുക്കി ജില്ലയിൽ 46.22 ഹെക്ടർ സ്ഥലവും കോട്ടയം ജില്ലയിൽ 217.10 ഹെക്ടർ സ്ഥലവും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറുന്ന നടപടികൾ നടന്നുവരുന്നു. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റേയും റെയിൽവേ ബോർഡിന്റേയും പരിശോധനയിലൂടെ പരിഹാരം കാണേണ്ടവയാണ്. റെയിൽപ്പാതയുടെ വ്യതിയാനങ്ങളെ സംബന്ധിച്ചുള്ള പരാതിയും കെട്ടിടങ്ങളും മറ്റും ഒഴിവാക്കണമെന്നുള്ള ആവശ്യവും ചില പൊതു പ്രവർത്തകരിൽനിന്നും തദ്ദേശവാസികളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഭക്തജനങ്ങളുടെ കാര്യമാണ് പ്രധാനമെങ്കിലും ഒരു പ്രദേശത്തെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ ഇക്കാര്യം റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പരാതികൾക്ക് പരിഹാരം കാണുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) കൃഷി വകുപ്പിലെ സ്ഥലം മാറ്റം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിലവിലുള്ള മാനദണ്ഡം അനുസരിച്ച് കൃഷി വകുപ്പിൽ വർഷത്തിൽ ഒരിക്കൽ മാത്രമേ ജനറൽ ട്രാൻസ്ഫർ നടത്താൻ പാടുള്ളു എന്നിരിക്കെ ഇപ്പോൾ 38 സ്ത്രീകളുൾപ്പെടെ 57 പേരുടെ ജനറൽ ട്രാൻസ്ഫർ ഓർഡർ ഇറക്കിയിരിക്കുകയാണ്. മ്യൂചൽ ട്രാൻസ്ഫർ എന്ന പേരിലും കുറെ ജീവനക്കാരെ സ്ഥലം മാറ്റിയിരിക്കുകയാണ്. 500 കോടി രൂപയുടെ പദ്ധതി കൃഷി വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കേണ്ടതിൽ ഇതുവരെ 15 ശതമാനം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളു. ഈ വകുപ്പിന്റെ കീഴിലുള്ള കൃഷി ഭവനുകൾ ഉൾപ്പെടെയുള്ള ഓഫീസുകൾ നിശ്ചലമാകുന്ന സ്ഥിതിവിശേഷമാണ് സംജാതമായിട്ടുള്ളത്. അതുകൊണ്ട് അടിയന്തിരമായി ഈ സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കൃഷി വകുപ്പിൽ കൃഷി ആഫീസർ തസ്തികയിൽ 38 പേരെയും കൃഷി അസിസ്റ്റന്റ് തസ്തികയിൽ 28 പേരെയും 13-10-2006-ലെ കൃഷി വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഭരണപരമായ സൗകര്യത്തിനായി സ്ഥലം മാറ്റുകയുണ്ടായി. കൃഷി ആഫീസർ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽനിന്ന് 18 പേരെയും കൊല്ലം ജില്ലയിൽനിന്ന് 10 പേരെയും ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. ഇവർ 1998 മുതൽ മൂന്ന് വർഷത്തിൽ കൂടുതലായി ഒരേ ജില്ലയിൽ സേവനമനുഷ്ഠിക്കുന്നവരാണ്. കൊല്ലം ജില്ലയിൽ 3 വർഷം പൂർത്തിയാക്കിയ കൃഷി അസിസ്റ്റന്റ് തസ്തികയിലെ 24 പേരെ അന്യ ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. 27-4-2000, 10-9-2004 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായിട്ടാണ് സ്ഥലം മാറ്റങ്ങൾ

നടത്തിയിട്ടുള്ളത്. ഇതിൽ അപാകതകളുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ അവ പരിശോധിച്ച് പരിഹരിക്കുന്നതാണ്.

(2) സീതാറാം മില്ലിന്റെ നവീകരണം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശൂർ നിയോജകമണ്ഡലത്തിലെ സീതാറാം മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ ഗവണ്മെന്റ് ഒരു പദ്ധതി രൂപീകരിച്ച് കുറച്ച് തുക അനുവദിക്കുകയുണ്ടായി. എന്നാൽ ഈ സ്ഥാപനത്തിൽ ഫുൾ ടൈം എം.ഡി. യുടെ സേവനം ലഭ്യമല്ലാത്തതിനാൽ നവീകരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കാത്ത സാഹചര്യമാണുള്ളത്. മില്ലിന്റെ വക സ്ഥലത്ത് കാലാകാല ങ്ങളായി താമസിച്ചുവരുന്ന മുപ്പത്തഞ്ചോളം കുടുംബങ്ങൾക്ക് ഒരു നോമിനൽ സംഖ്യ കണക്കാക്കി പട്ടയം കൊടുക്കുന്നതിന് തീരുമാനമെടുത്തതായി ബോർഡ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി സീതാറാം മില്ലിന്റെ നവീകരണ പ്രവർത്തനം പൂർണ്ണരൂപത്തിൽ നടപ്പിൽ വരുത്താനും അവിടെ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകാനുമുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ.എളമരം കരീം): തൃശൂർ സീതാറാം മില്ലിന്റെ നവീകരണത്തിനായി സമർപ്പിച്ച 851 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ഇതിൽ 425 ലക്ഷം രൂപ സർക്കാർ ഷെയറും 426 ലക്ഷം രൂപ ധനകാര്യ സ്ഥാപനങ്ങളുടെ ഷെയറുമാണ്. സാമ്പത്തിക പ്രതിസന്ധിമൂലം സർക്കാർ വകയിരുത്തിയ 150 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ മാത്രമേ 2006 മാർച്ച് മാസത്തിൽ അനുവദിക്കാൻ കഴിഞ്ഞുള്ളു. ഈ തുക ഉപയോഗിച്ച് ചൈനയിൽനിന്ന് വാങ്ങിയ ആറ് പുതിയ റിംഗ് ഫ്രെയിമുകളും മെഷീനുകളും കൊച്ചിൻ

ഹാർബറിൽ എത്തിച്ചേർന്നിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ഇവ മില്ലിൽ എത്തുന്നതാണ്. നവംബർ 23-ഓടുകൂടി ലോഞ്ചിംഗ് നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മില്ലിന്റെ വക 47.98 സെന്റ് സ്ഥലത്ത് ദീർഘകാലമായി താമസിക്കുന്ന 18 കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ഉടൻ ഉണ്ടാകുന്നതാണ്.

(3) <u>തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം</u>

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള:</u> തെക്കൻ കേരളത്തിലേയും തമിഴ്നാടിന്റെ ഒന്നുരണ്ട് ജില്ലകളിലേയും ജനങ്ങളുടെ ചിരകാലാഭിലാഷമായ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ രണ്ടാമത്തെ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി യഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. എന്നാൽ ഇതിനായുള്ള സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി നിലവിലുള്ള റോഡും താമസിക്കുന്ന സ്ഥലവും നഷ്ടപ്പെടുമോ എന്ന കാര്യത്തിൽ അവിടത്തെ ജനങ്ങൾക്ക് ആശങ്ക ഉണ്ട്. ടെർമിനലിന്റെ പണിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പണികളാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്നും എത്ര ഹെക്ടർ സ്ഥലം എയർപോർട്ടിന്റെ വികസനത്തിനായി അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നും എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വരുമെന്നുമുള്ള കാര്യങ്ങൾ വ്യക്തമാക്കി ജനങ്ങളുടെ ആശങ്ക അകറ്റണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ.എം.വിജയകുമാർ):</u> തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചിട്ട് 15 വർഷത്തിലേറെയായെങ്കിലും ഇതുവരെയും ഒരു അന്താരാഷ്ട്ര

വിമാനത്താവളത്തിന്റെ സൗകര്യങ്ങൾ ഉണ്ടായിട്ടില്ല. ഇന്റർനാഷണൽ ടെർമിനൽ, ഈ വിമാനത്താവളത്തെ ഗേറ്റ് വേ ഓഫ് ഇന്ത്യയായി പ്രഖ്യാപിക്കൽ, റീഫ്യൂവലിംഗ് സംവിധാനം എന്നീ കാര്യങ്ങളാണ് സംസ്ഥാന ഗവണ്മെന്റ് ആവശ്യപ്പെട്ടിരുന്നത്. കേരളപ്പിറവിയുടെ 50-ാം വാർഷികമായ 2006 നവംബർ ഒന്നിന് ഇന്ത്യൻ പ്രധാനമന്ത്രി ഇന്റർനാഷണൽ ടെർമിനലിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാനമന്ത്രിക്കും കേന്ദ്ര വ്യോമയാന മന്ത്രിക്കും നിവേദനം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ വ്യോമയാന മന്ത്രി കഴിഞ്ഞമാസം തിരുവനന്തപുരം വിമാനത്താവളത്തെ ഗേറ്റ് വേ ഓഫ് ഇന്ത്യ ആയി പ്രഖ്യാപിച്ചുകഴിഞ്ഞു. റീഫ്യൂവലിംഗിന്റെ കാര്യം പ്രധാനമന്ത്രി കേരളത്തിൽ വരുമ്പോൾ പ്രഖ്യാപിക്കും. ഇതിന്റെ ഒന്നാം ഘട്ടത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 300 ഏക്കർ സ്ഥലം ഏറ്റെടുക്കണമെന്ന് തീരുമാനിച്ചിരുന്നുവെങ്കിലും ഈ ഗവണ്മെന്റിന്റെ ശ്രമഫലമായി അത് 120 ഏക്കറാക്കി ചുരുക്കുകയും അതിൽ 25 ഏക്കർ ഏറ്റെടുത്ത് കൊടുക്കുകയും ചെയ്തു. ഇനി 95 ഏക്കർകൂടി കൊടുക്കേണ്ടതുണ്ട്. ഫാസ്റ്റ് ട്രാക്ക് ആക്കുമ്പോൾ മെച്ചപ്പെട്ട വില കിട്ടുമെന്നതിനാൽ ഭൂമി നൽകുന്നവർക്ക് ചില സൗജന്യങ്ങൾ ലഭിക്കും. ആ രൂപത്തിൽ ജനങ്ങളെ സഹകരിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്.

(4) ചിറയിൻകീഴ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ സ്ഥാപിതമായ കാലം മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഒരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആ കെട്ടിടം ഒഴിയണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെടുന്നതിന്റെ ഫലമായി അതിന്റെ മെയിന്റനൻസ്

നടത്തുന്നില്ല. റെയിൽവേ സ്റ്റേഷൻ പരിസരത്തുള്ള എക്സൈസ് ഡിപ്പാർട്ടുമെന്റ് വക സ്ഥലത്തേയ്ക്ക് പോലീസ് സ്റ്റേഷൻ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ചിറയിൻകീഴ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ചിറയിൻകീഴ് എക്സൈസ് ഓഫീസ് കോമ്പൗണ്ടിൽനിന്നും സ്ഥലം കണ്ടെത്തണമെന്ന മെമ്പറുടെ നിർദ്ദേശം സംബന്ധിച്ച പ്രൊപ്പോസൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കിക്കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സ്ഥലം കണ്ടെത്താൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ചിറയിൻകീഴ് പോലീസ് സ്റ്റേഷന്റെ കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

5) വടകര ആയഞ്ചേരി പഞ്ചായത്തിലെ തത്തങ്ങാട്
പള്ളിക്കുനേരെ നടന്ന ആക്രമണം

ശ്രീ.സി.ടി.അഹമ്മദ് അലി: കോഴിക്കോട് ജില്ലയിലെ വടകര ആയഞ്ചേരി പഞ്ചായത്തിൽ തത്തങ്ങാട്പള്ളിക്കു നേരെ കഴിഞ്ഞ തിങ്കളാഴ്ച വെളുപ്പിന് നാലര മണിയോടുകൂടി ഉണ്ടായ ബോംബ് സ്ഫോടനത്തെത്തുടർന്ന് 71 വയസ്സുള്ള ഒരാൾ ഗുരുതരമായി പരിക്കുപറ്റി ആശുപത്രിയിൽ ചികിത്സയിലാണ്. സംസ്ഥാനത്ത് പല സ്ഥലത്തും ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ രഹസ്യ പോലീസ് ടീമിനെ

നിയോഗിച്ച് ബോംബ് നിർമ്മാണത്തിന്റെ ഉറവിടം കണ്ടെത്തുകയും കുറ്റവാളികളെ കണ്ടുപിടിക്കാൻ സത്വര നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോഴിക്കോട് ജില്ലയിൽ വടകര മംഗലാട് ജമാഅത്ത് പള്ളിയ്ക്കടുത്തുള്ള കുളത്തിന്റെ പടവിനോട് ചേർന്ന സ്ഥലത്ത് 16-ാം തീയതി വെളുപ്പിന് ബോംബ് എറിഞ്ഞതിനെത്തുടർന്ന് പരിക്കുപറ്റിയ മൊയ്തീൻകുട്ടി എന്ന ആളെ വിദഗ്ദ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതുസംബന്ധിച്ച് ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം വടകര പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിരലടയാള വിദഗ്ദ്ധർ സ്ഥലപരിശോധന നടത്തുകയും ശക്തമായ പോലീസ് പട്രോളിംഗും പിക്കറ്റിംഗും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആരാധനാലയങ്ങൾക്ക് നേരെയുണ്ടാകുന്ന ഇത്തരം സംഭവങ്ങൾ നേരിടാൻ ശക്തമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. വടകര പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിത അന്വേഷണം നടത്താനും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(6) ഷൊർണ്ണൂർ-നിലമ്പൂർ നഞ്ചൻകോട് റെയിൽപ്പാത നിർമ്മാണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ നഞ്ചൻകോടുമായി ബന്ധിപ്പിച്ചാൽ തിരുവനന്തപുരത്തുനിന്ന് ഷൊർണ്ണൂർ വഴി ബാംഗ്ലൂരിൽ പോകുന്നവർക്ക് 75 കിലോമീറ്റർ ദൂരം ലാഭിക്കാം. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ യാഥാർത്ഥ്യമാകുന്നതോടുകൂടി മൈസൂർ ഒരു പ്രധാനപ്പെട്ട റൂട്ടായി മാറുന്ന സാഹചര്യത്തിൽ വയനാട് ജില്ലയിലെ കാർഷികോല്പന്നങ്ങൾക്ക് വില വർദ്ധനവുണ്ടാകാനും

നിത്യോപയോഗ സാധനങ്ങൾക്ക് വിലകുറയാനും സാദ്ധ്യതയുള്ളതുകൊണ്ട് സംസ്ഥാനത്തിന് ഏറ്റവും പ്രയോജനകരമായ ഷൊർണ്ണൂർ–നിലമ്പൂർ റെയിൽവേ നഞ്ചൻകോടുമായി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കർണ്ണാടകത്തിലെ നഞ്ചൻകോട് ഠൗൺ സ്റ്റേഷനുമായി ഷൊർണ്ണൂർ–നിലമ്പൂർ റെയിൽവേ ലൈൻ ബന്ധിപ്പിക്കുന്നത് പ്രായോഗികമല്ലെന്നാണ് കേന്ദ്ര സർക്കാരിന്റെ കാഴ്ചപ്പാട്. കേരളത്തിന് ആവശ്യമായിട്ടുള്ള 61 കിലോമീറ്റർ മൈസൂർ ചാമരാജ് നഗർ മീറ്റർഗേജ് സെക്ഷൻ ബ്രോഡ്ഗേജ് ആക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആ പാത നിർമ്മിക്കുമ്പോൾ നിലമ്പൂരിൽനിന്നും മൈസൂർ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് സർവ്വീസ് നടത്തി കേരളത്തിനാകെ പ്രയോജനപ്പെടുത്താവുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രയും പെട്ടെന്ന് ഇതിന് അനുമതി നല്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരുടെ ഡെലിഗേഷനും നിവേദനം നല്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല യോഗം ചേരാനും കേരളത്തിലെ എം.പി. മാരുടെ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ഇക്കാര്യം നേടിയെടുക്കാനും കൂട്ടായ പരിശ്രമം നടത്തുന്നതാണ്.

(7) കാട്ടാക്കട പ്രദേശത്തെ ക്രമസമാധാന പ്രശ്നം

ശ്രീ. ജി. കാർത്തികേയൻ: കാട്ടാക്കട പ്രദേശത്ത് രണ്ടാഴ്ചക്കാലമായി കലാപബാധിതമായ ഒരന്തരീക്ഷം നിലനില്ക്കുകയും വിദ്യാർത്ഥി സംഘട്ടനംമൂലം കാട്ടാക്കട ക്രിസ്ത്യൻ കോളേജ് അടച്ചിട്ടിരിക്കുകയുമാണ്.

കോടതിയുടെയും മാർക്കറ്റിന്റേയും പരിസരങ്ങളിൽനിന്ന് സമാന സ്വഭാവമുള്ള ബോംബുകൾ കണ്ടെടുത്തിട്ടുണ്ട്. വിദഗ്ദ്ധരായ പോലീസ് സംഘത്തെക്കൊണ്ട് ബോംബിന്റെ ഉറവിടത്തെക്കുറിച്ച് അന്വേഷിപ്പിക്കാനും ആ പ്രദേശത്ത് നിലനില്ക്കുന്ന സംഘർഷഭരിതമായ അവസ്ഥയ്ക്ക് ശാശ്വത മായ പരിഹാരം കണ്ടെത്തി അവിടെ സമാധാനം പുന:സ്ഥാപിക്കാനും കുറ്റവാളികളെ കണ്ടെത്താനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ ഉണ്ടായ വിദ്യാർത്ഥി സംഘട്ടനത്തെത്തുടർന്ന് ഒക്ടോബർ 12-ാം തീയതി കാട്ടാക്കട പബ്ലിക് മാർക്കറ്റിനടുത്ത് 5 ഏറ് പടക്കങ്ങൾ പൊട്ടിയതായി വിവരം ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കാട്ടാക്കട പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് എ.ബി.വി..പി., ബി.ജെ.പി., ആർ.എസ്.എസ്. വിഭാഗത്തിൽപ്പെട്ട കുറെ പ്രവർത്തകരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വക കോംപ്ലക്സിന്റെ രണ്ടാം നിലയിൽ സ്ഫോടക വസ്തുക്കൾ സൂക്ഷിച്ചിരുന്നതായി കണ്ടതിനെത്തുടർന്ന് ബോംബ് സ്ക്വാഡിന്റെ സഹായത്തോടെ പോലീസ് അത് നിർവീര്യമാക്കുക യുണ്ടായി. ഇതു സംബന്ധിച്ച് കാട്ടാക്കട പോലീസ് കേസ് രജിസ്റ്റർ ചെയ്തു. സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 4 സ്ക്വാഡുകൾ രൂപീകരിച്ച് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. സ്ഫോടക വസ്തുക്കളുടെ ഉറവിടം കണ്ടെത്തുന്നതിനും പ്രതികളെ കണ്ടെത്തി നടപടി സ്വീകരി ക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. അവിടെ നിലനില്ക്കുന്ന സംഘർഷാവസ്ഥ ഇല്ലാതാക്കുന്നതിനും ആവശ്യമായ കൂടിയാലോചന നടത്താൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

(8) <u>കാനറ ബാങ്കിന്റെ പെൻഷൻ സെൽ</u>

<u>ശ്രീ. എ.എ. അസീസ്:</u> കൊല്ലത്തെ കശുവണ്ടി തൊഴിലാളികൾക്ക് പെൻഷൻ നൽകി വന്ന കാനറ ബാങ്കിന്റെ 5 ബ്രാഞ്ചുകൾ നിറുത്തലാക്കി കൊല്ലം പട്ടണത്തിലെ ഒരു കേന്ദ്രം വഴി നല്കുന്നതിന് നടപടി സ്വീകരിച്ചതുമൂലം 90 ശതമാനവും പ്രായാധിക്യമുള്ള തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകളുണ്ടാകുകയും ഒരാൾ വാഹനാപകടം മൂലം മരണപ്പെടുകയുമുണ്ടായി. ഈ തീരുമാനം പിൻവലിക്കാനും പഴയ കേന്ദ്രങ്ങളിൽക്കൂടി പെൻഷൻ വിതരണം ചെയ്യാനും കാനറ ബാങ്ക് റീജിയണൽ മാനേജർക്ക് നിർദ്ദേശം നല്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ):</u> കൊല്ലം പട്ടണത്തിലെ ആനന്ദവല്ലീശ്വരം ബ്രാഞ്ചിലേയ്ക്ക് മാറ്റിയ എല്ലാ പെൻഷൻ അക്കൗണ്ടുകളും പഴയ ബ്രാഞ്ചുകളിലേയ്ക്ക് തിരികെ കൊണ്ടു വരാൻ കാനറ ബാങ്കിന് നിർദ്ദേശം നല്കിയിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സിൻഡിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, ഇന്ത്യൻ ബാങ്ക് തുടങ്ങിയ ബാങ്കുകളിലേയ്ക്ക് ഏതെങ്കിലും പെൻഷനേഴ്സ് പെൻഷൻ അക്കൗണ്ട് മാറ്റാൻ ആഗ്രഹിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കാനറ ബാങ്കിനോട് നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷനേഴ്സ് ആവശ്യപ്പെടുന്ന ബ്രാഞ്ചു കളിലേയ്ക്ക് പെൻഷൻ വിതരണം നടത്തണമെന്ന് റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണറോടും നിർദ്ദേശിക്കുന്നതാണ്.

(9) <u>വാനില കർഷകർ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ.സി.കെ.പി.പത്മനാഭൻ:</u> വാനിലയുടെ വിലയിടിവുമൂലം രണ്ട് ലക്ഷത്തോളം വരുന്ന വാനില കർഷകർ ബുദ്ധിമുട്ടനുഭവിക്കുകയാണ്. അന്താരാഷ്ട്ര വിലയുമായി ബന്ധപ്പെട്ട് വിലനിലവാരം പ്രഖ്യാപിക്കാൻ

കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനും അതിന്റെ ഗുണം കേരളത്തിലെ കർഷകർക്കുകൂടി ലഭിക്കത്തക്കവിധത്തിൽ അതുമായി ബന്ധപ്പെട്ട വില നിശ്ചയിക്കുവാനും ഗവൺമെന്റ് തയ്യാറാകണം. വാനില കൃഷിക്ക് സമഗ്രമായ ഒരു നയം രൂപീകരിക്കണം. കാർഷിക സർവ്വകലാശാലയെ ഉപയോഗപ്പെടുത്തി വാനിലിൻ ഉല്പാദിപ്പിക്കുവാൻ സംവിധാനം കൊണ്ടുവരണം. ഓർഗാനിക് വാനിലിൻ തന്നെ ഉപയോഗിക്കണമെന്ന് നിർബന്ധിക്കാനുതകുന്നവിധം നിയമം കൊണ്ടുവരികയും ഈ കർഷകരെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ.മുല്ലക്കര രത്നാകരൻ): വിലയിടിവുമൂലം വാനില സംസ്ക്കരിച്ച ബീൻ എടുക്കുവാൻ കച്ചവടക്കാർ തയ്യാറാകുന്നില്ല. വാനിലയ്ക്ക് ആവശ്യക്കാർ ഇല്ലാത്തതും കേരളത്തിൽ കൃഷി ചെയ്യുന്ന വാനിലയ്ക്ക് ഗുണമേന്മ കുറവാണെന്നുള്ള പ്രചാരണവും കമ്പനികളും ഏജന്റുമാരും ഉല്പന്നങ്ങൾ വാങ്ങാതെ കമ്പോളത്തിൽനിന്നും വിട്ടുനില്ക്കുന്നതുമാണ് വിലയിടിവിന് കാരണം. സംസ്ക്കരിച്ച ബീൻ എത്രനാൾ വേണമെങ്കിലും സൂക്ഷിച്ച് ഉയർന്ന വിലയക്ക് വില്ക്കാൻ കഴിയുമെന്നതിനാൽ കർഷകരെ ബീൻ സംസ്ക്കരിച്ച് സൂക്ഷിക്കുന്നതിലേയ്ക്ക് തിരിച്ചുവിട്ടാൽ വ്യാപാരികളുടെ തന്ത്രങ്ങളിൽനിന്നും കർഷകർക്ക് രക്ഷപ്പെടാൻ സാധിക്കുന്നതാണ്. എന്നാൽ സംസ്ക്കരണ യൂണിറ്റുകളുടെ അഭാവം വാനില വിപണിയിൽ അനിശ്ചിതത്വമുണ്ടാക്കുന്നുണ്ട്. ആഗോളവിപണിയിൽ ദീർഘകാലാടിസ്ഥാനത്തിൽ പിടിച്ചുനില്ക്കുന്നതിന് കേരളത്തിലെ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് കുറഞ്ഞവിലയ്ക്ക് ഗുണമേന്മയുള്ള ഉല്പന്നം നല്കാൻ കഴിയണം. ആയതിനാൽ ആഭ്യന്തര വിപണി ശക്തമാക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് കർഷക സംഘടനകളുമായി ചർച്ച ചെയ്ത് പരിഹാരം

കണ്ടെത്തുന്നതിന് മുൻകൈ എടുക്കുന്നതാണ്. സംസ്ക്കരിച്ച മൂല്യ വർദ്ധിത ഉല്പന്നം ഉണ്ടാക്കുന്നതിന് കാർഷിക യൂണിവേഴ്സിറ്റിയുടെ ഗവേഷണ വിഭാഗവുമായി യോജിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(10) അഴീക്കോട് മാട്ടൂർ-മടക്കര പാലത്തിന്റെ പണി

ശ്രീ.എം.പ്രകാശൻ മാസ്റ്റർ: ആവശ്യമായ പണം അനുവദിച്ച് അഴീക്കോട് മാട്ടൂർ-മടക്കര പാലത്തിന്റെ പണി അടിയന്തിരമായി പുനരാരംഭിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.റ്റി.യു.കുരുവിള): മാട്ടൂർ-മടക്കര പാലം പണി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ 31-3-2005-ൽ ഏൽപിച്ചിരുന്നു. പാലത്തിന്റെ നീളം 295 മീറ്ററാണ്. മടക്കര ഭാഗത്ത് 475 മീറ്റർ അപ്രോച്ച് റോഡിൽ 200 മീറ്റർ ചെളിനിറഞ്ഞ പ്രദേശം മണ്ണിട്ട് റോഡു ണ്ടാക്കുന്നതിനെതിരെ സ്ഥലവാസികളുടെ എതിർപ്പുണ്ടായി. അഴീക്കോട് തുറമുഖത്തിനുവേണ്ടി മണൽ വാരൽ പ്രക്രിയ നടക്കുന്നതുകൊണ്ട് അപ്രോച്ച് റോഡിന്റെ ഉറപ്പിനെ ബാധിക്കാൻ ഇടയുണ്ട്. ഈ കാര്യങ്ങൾ കണക്കിലെടുത്ത് 18 കോടി രൂപ ചെലവ് വരുന്ന പുതിയ പ്രൊപ്പോസൽ ഗവണ്മെന്റിന്റെ പരിഗണനയിലാണ്.

(11) അരീക്കോട് ഐ.ടി.ഐ.

ശ്രീ.പി.കെ.അബ്ദുറബ്ബ്: 1972-ൽ ആരംഭിച്ച മലബാർ ജില്ലയിലെ അരീക്കോട് ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കുകയും നിലവിലുള്ളവ യൂണിറ്റുകൾ വർദ്ധിപ്പിച്ച് ഒന്നാംനിര ഐ.ടി.ഐ. ആയി ഉയർത്തുകയും കേന്ദ്ര ഗവണ്മെന്റിനെക്കൊണ്ട് മികവിന്റെ കേന്ദ്രമാക്കുന്ന തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ.ഗുരുദാസൻ): 1972–ൽ ആരംഭിച്ച 14 ട്രേഡുകളുള്ള അരീക്കോട് ഐ.ടി.ഐ.യിൽ 372 പേർക്ക് പരിശീലനം നൽകുന്നുണ്ട്. ഇതിനെ ഒന്നാംകിട ഐ.ടി.ഐ.ആയി ഉയർത്തുന്നതിന് അനുകൂലമായ നിലപാട് ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്. എന്നാൽ ഡി.ജി.ഇ.ടി.യുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് ഒന്നാം നിര ഐ.ടി.ഐ. ആക്കി ഉയർത്തുന്നതിന് കുറഞ്ഞത് 600 കുട്ടികളും കൂടുതൽ ട്രേഡുകളും യൂണിറ്റുകളും ആരംഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും വേണം. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ കാര്യം പരിഗണിക്കുന്നതാണ്. അതോടൊപ്പം ഈ സ്ഥാപനത്തെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിനുള്ള നടപടികളും ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്.

(12) കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള ഭൂ ഉടമാ വിഹിതം

ശ്രീ. എൻ. രാജൻ: കേരളത്തിലെ 18 ലക്ഷത്തോളം വരുന്ന കർഷക ത്തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള ക്ഷേമനിധിബോർഡ് കാലാകാലങ്ങ ളായി പിരിച്ചെടുത്തുകൊണ്ടിരുന്ന ഭൂഉടമാ വിഹിതം കർശനമായി പിരിച്ചെടു ക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുചേർത്ത് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം കൊടുക്കുകയും ഈ ബോർഡിനെ നിലനിർത്തുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള ക്ഷേമനിധി ബോർഡുകളിൽ ഒന്നാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. ഭൂഉടമാ വിഹിതം പിരിച്ചെടുക്കേണ്ടത് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരാണ്. വർഷങ്ങളായി അത് പിരിച്ചെടുക്കുന്നതിൽ ശുഷ്ക്കാന്തി കാണിക്കുന്നില്ല. കുടിശ്ശിക എത്ര യാണെന്നുള്ള കൃത്യമായ സ്റ്റേറ്റ്മെന്റ് ഇല്ല. അര ഹെക്ടറിനും ഒരു

ഹെക്ടറിനും ഇടയിൽ കൃഷി ഭൂമിയുള്ള ഭൂഉടമ വർഷംതോറും 10 രൂപയും ഒരു ഹെക്ടറിനു മുകളിൽ കൃഷിഭൂമിയുള്ള ഭൂഉടമ ഓരോ ഹെക്ടറിനും 15 രൂപ വീതം  കൂടുതലായും അടയ്ക്കണം. ഇത് കൃത്യമായി പിരിച്ചെടുത്താൽ ഒരു വർഷം ചുരുങ്ങിയത് 8 കോടിയോളം രൂപ കിട്ടും. 1997–98 മുതലുള്ള കുടിശ്ശിക പിരിവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കാൻ റവന്യൂ വകുപ്പിലേയും ക്ഷേമനിധി ബോർഡിലെയും ഉദ്യോഗസ്ഥർ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് എല്ലാ ജില്ലാകളക്ടർമാരെയും വിളിച്ച് വിശദമായ ചർച്ച നടത്തുകയുണ്ടായി. നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ  ലാൻഡ് റവന്യൂ കമ്മീഷണറേയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരേയും വിളിച്ച് രണ്ട് പ്രാവശ്യം ചർച്ച നടത്തി. കുടിശ്ശിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കിക്കഴിഞ്ഞാൽ കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുത്ത് ഈ ബോർഡിലേയ്ക്ക് നൽകണമെന്നാണ് തീരുമാനമെടുത്തിട്ടുള്ളത്. പിരിഞ്ഞുപോയ തൊഴിലാളികളുടെ സൂപ്പർ ആനുവേഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള 72 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുത്ത് റവന്യൂ–തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭത്തോടുകൂടി ഈ ക്ഷേമനിധിബോർഡിന്റെ പ്രവർത്തനം സജ്ജീവമാക്കാനും ഭൂഉടമാവിഹിതം പിരിച്ചെടുക്കാനുമുള്ള നടപടി ത്വരിതപ്പെടുത്തും.

(13) <u>കർഷകർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി</u>

<u>ശ്രീ.കെ.അച്ചുതൻ:</u> തമിഴ്നാട്, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിലെ കർഷകർക്കും വൈദ്യുതി പരിപൂർണ്ണമായി സൗജന്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): 4–2–1999–ലെ സർക്കാർ ഉത്തരവ് പ്രകാരം 1–8–1995 മുതൽ വിസ്തൃതി പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായും 1–4–1997 മുതൽ 2 ഹെക്ടറിൽ കവിയാത്ത മറ്റ് കൃഷികൾക്കും വൈദ്യുതി സൗജന്യമായി നൽകിവരുന്നുണ്ട്. ചിറ്റൂർ താലൂക്കിലെ കർഷകർക്കോ സംസ്ഥാനത്തെ മുഴുവൻ കർഷകർക്കോ ഭൂമി പരിധി യില്ലാതെ വൈദ്യുതി സൗജന്യമായി നൽകണമെന്ന നിർദ്ദേശം ഇപ്പോൾ പ്രാവർത്തികമായിട്ടില്ല. എന്നാൽ ഈ കാര്യത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ അംഗീകാരത്തോടുകൂടി മാത്രമേ നിയമപരമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ അഭിപ്രായം ആരാഞ്ഞശേഷം യുക്തമായ തീരുമാനമെടുക്കുന്ന താണ്.

(14) കൈത്തറി–നെയ്ത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ.എൻ.അനിരുദ്ധൻ: പിരിഞ്ഞുപോയ കൈത്തറി–നെയ്ത്ത് തൊഴി ലാളികളെ തിരിച്ചുകൊണ്ടുവരികയും പുതിയ ഉൽപാദന വിപണന രംഗത്തെ ക്കുറിച്ച് തൊഴിലാളികൾക്ക് അവബോധമുണ്ടാക്കുകയും കാർഷികരംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആശ്വാസ നടപടികൾ ഈ രംഗത്തുള്ളവർക്കും നൽകുകയും ചെയ്യണം. സംഘങ്ങളുടെ കടങ്ങൾ എഴുതിത്തള്ളിയത് ഗവണ്മെന്റ് ഷെയറായി കൺവെർട്ട് ചെയ്ത് സംഘങ്ങൾക്ക് സഹായ കരമായ നിലപാട് സ്വീകരിക്കുകയും പലിശ സബ്സിഡി ഏർപ്പെടുത്തുകയും നബാർഡ് പോലുള്ള സ്ഥാപനങ്ങളിൽനിന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുകയും ചെയ്യണം. പ്രാഥമിക സംഘങ്ങളിൽ ഉൽപാദിപ്പിക്കുന്ന

ഉൽപന്നങ്ങൾ മുഴുവനും അപ്പെക്സ് സംഘങ്ങളെക്കൊണ്ട് എടുപ്പിക്കണം. ദേശീയ മിനിമം കൂലി ഏർപ്പെടുത്തുകയും ഈ രംഗത്ത് പണിയെടുക്കുന്നത് കൂടുതലും സ്ത്രീകളായതിനാൽ ഒരു സാമൂഹിക സുരക്ഷാ നിയമം ഏർപ്പെടുത്തുകയും ചെയ്യണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ.എളമരം കരീം): പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറിയുടെ പുരോഗതിക്കായി 14.64 കോടി രൂപയുടെ 'തനിമ' പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിവരുന്നുണ്ട്. ഇതിന്റെ പ്രയോജനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 4000 നെയ്ത്തുകാർക്ക് ലഭിക്കും. കണ്ണൂർ പ്രദേശത്ത് 3000 നെയ്ത്തുകാർക്ക് പ്രയോജനം ചെയ്യുന്ന 11.08 കോടി രൂപയുടെ 'കൃതിക' പദ്ധതിയും പാലക്കാട്, എറണാകുളം, തൃശൂർ ജില്ലയിലെ നെയ്ത്തുകാർക്കായി 'പ്രതിഭ' പദ്ധതിയും തയ്യാറാക്കി വരുന്നുണ്ട്. ടൗൺ ഓഫ് എക്സ്പോർട്ട് എക്സലൻസ് ഫോർ ഹാൻഡ്‌ലൂം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 132 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ 2 കോടി രൂപയുടെ ഇന്റഗ്രേറ്റഡ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് ക്ലസ്റ്റർ നടപ്പിലാക്കി വരുന്നു. ഈ മേഖലയിലെ ഉൽപാദനം, വിപണനം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ പ്രാമുഖ്യം നൽകുന്നതിനുള്ള വ്യവസായ നയങ്ങൾ സർക്കാർ തയ്യാറാക്കിവരികയാണ്. പ്രൈമറി മേഖലയിൽപ്പെട്ട കൈത്തറിയുടെ വികസനത്തിനും വളർച്ചയ്ക്കും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. തറികളുടെ അറ്റകുറ്റപ്പണികളും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നവീന തറികളുടെ ലഭ്യതയും കൂടുതൽ ഉൽപാദനത്തിനും തൽഫലമായി നെയ്ത്തുകാർക്ക് ഉയർന്ന

വേതനം ലഭിക്കുന്നതിനും സഹായകമാക്കുന്നതാണ്. പ്രാഥമിക സംഘങ്ങളെ പുനരുദ്ധരിപ്പിച്ച് ശക്തിപ്പെടുത്തി കൂടുതൽ ഉൽപാദനയോഗ്യമായ കൈത്തറിത്തുണിത്തരങ്ങൾ ഉൽപാദിപ്പിക്കാനും വിഭാവന ചെയ്യുന്നുണ്ട്. ആധുനിക തറികളുടെ ഉപയോഗം, തറികളുടെ നവീകരണം, പുതിയ ഡിസൈനുകളുടെ വിതരണം, പരിശീലനം തുടങ്ങിയവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കാൻ പദ്ധതിയുണ്ട്. കൈത്തറി മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ കൊണ്ടുവരാനും ഹാന്റക്സ്, ഹാൻവീവ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പ്രാഥമിക കൈത്തറി സംഘങ്ങൾ, ഫാക്ടറി ടൈപ് സംഘങ്ങൾ, അപ്പെക്സ് സംഘങ്ങൾ എന്നിവയ്ക്ക് കൂടുതൽ ധനസഹായം ലഭ്യമാക്കി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ആലോചനയുണ്ട്. നബാർഡ് ചെയർമാനുമായി ഈയിടെ ചർച്ച നടത്തി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തി വരികയാണ്. കൈത്തറി മേഖലയുടെ വളർച്ചയ്ക്കായി കൈത്തറി സ്കൂൾ യൂണിഫോം ആഴ്ചയിൽ ഒരു ദിവസം വിദ്യാർത്ഥികൾ ധരിക്കുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ചുവരികയാണ്.

(15) പുനലൂർ പേപ്പർ മില്ലിന്റെ ശോച്യാവസ്ഥ

ശ്രീ.കെ.രാജു ആയിരത്തോളം തൊഴിലാളികൾക്ക് നേരിട്ടും പരോക്ഷമായും തൊഴിൽ ലഭിച്ചിരുന്ന സ്വന്തമായി 100 ഏക്കർ സ്ഥലവും കോടിക്കണക്കിന് രൂപയുടെ മെഷിനറിയുമുള്ള പഴക്കം ചെന്നതും 20 വർഷക്കാലമായി അടഞ്ഞുകിടന്നതുമായ പുനലൂർ പേപ്പർ മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ.എളമരം കരീം): 1987 മുതൽ പൂട്ടി ക്കിടക്കുന്ന പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് കമ്പനിയുടെ ഉടമയുമായി സർക്കാരുണ്ടാക്കിയ ധാരണാപത്രത്തിൽ സർക്കാർ കമ്പനിക്ക് ചില ഇളവുകളും ആനുകൂല്യങ്ങളും വാഗ്ദാനങ്ങളും നൽകിയിരുന്നു. ഉടമയുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ നടപടികളു ണ്ടായാൽ മാത്രമേ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നുള്ള ഇളവുകളും ആനുകൂല്യങ്ങളും ലഭിക്കുകയുള്ളൂവെന്നും ധാരണാപത്രത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ധാരണാപത്രത്തിൽ ഒപ്പിട്ടശേഷം കാനറ ബാങ്കിന്റെ ഇടപാടുകൾ തീർത്തതല്ലാതെ മിൽ തുറന്നു പ്രവർത്തിപ്പി ക്കുന്നതിന് ഉടമയുടെ ഭാഗത്തുനിന്ന് യാതൊരു നീക്കവും ഉണ്ടായില്ല. അതിനാൽ കമ്പനിക്ക് ഇളവുകളും ആനുകൂല്യങ്ങളും അനുവദിക്കേണ്ട തില്ലെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ നിർദ്ദേശം നൽകി. കമ്പനിയിലെ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിന് ലേബർ കമ്മിഷണർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് തൊഴിൽ വകുപ്പ് അറിയിച്ചിട്ടുണ്ട്. കമ്പനി ഉടമയുടെ പ്രതിനിധി അടുത്തകാലത്ത് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ കണ്ട് മെസേഴ്സ് ഗ്രാമോക്സ് പേപ്പർ ആന്റ് ബോർഡ്സ് എന്ന സ്ഥാപനത്തിന്റെ ഉടമയ്ക്ക് പുനലൂർ പേപ്പർ മിൽ ഏറ്റെടുക്കാൻ താൽപ്പര്യമുണ്ടെന്ന് അറിയിച്ചതിനെത്തുടർന്ന് ബന്ധപ്പെട്ടവരുടെ യോഗം ക്ഷണിക്കുകയും കമ്പനി തുറന്നു പ്രവർത്തിപ്പി ക്കുന്നതിന് ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. ബന്ധപ്പെട്ട വകുപ്പുകൾ ബാദ്ധ്യത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് നൽകണമെന്ന് അറിയിച്ചതിനെത്തുടർന്ന് അവ നൽകിയെങ്കിലും ഇതുസംബന്ധിച്ച് യാതൊരു മറുപടിയും ഇതുവരെ ലഭിച്ചിട്ടില്ല. കമ്പനിയുടെ

ബാദ്ധ്യതകൾ സംബന്ധിച്ച് തീർപ്പായാൽ മാത്രമേ ഗവണ്മെന്റിന് ഇതിന്മേൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(16) <u>ചിക്കുൻ ഗുനിയ ബാധിതർക്ക് ധനസഹായവും സൗജന്യറേഷനും</u>

<u>ശ്രീ.ജോർജ്ജ് മേഴ്സിയർ</u>: കേരളത്തിൽ ആദ്യമായി ചിക്കുൻ ഗുനിയ പടർന്നുപിടിച്ചതും സ്ഥിരീകരിച്ചതും വിഴിഞ്ഞം പഞ്ചായത്തിലാണ്. കോവളത്ത് പനിബാധിച്ച് 5 പേർ മരണമടഞ്ഞു. തൊഴിലില്ലായ്മ പ്രശ്നവും തൊഴിലിനു പോകാൻ കഴിയാത്ത അവസ്ഥയും പരിഗണിച്ച് കോവളം നിയോജകമണ്ഡലത്തിൽ ചിക്കുൻ ഗുനിയ ബാധിച്ച വെങ്ങാന്നൂർ, പൂവാർ, കാഞ്ഞിരംകുളം, കരിങ്കുളം, കോട്ടുകാൽ എന്നീ പഞ്ചായത്തുകളിൽ ഒരു മാസത്തെ സൗജന്യ റേഷനും മരണമടഞ്ഞവരുടെ ആശ്രിതർക്ക് ചേർത്തലയിൽ കൊടുത്തതുപോലുള്ള ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ.കെ.പി.രാജേന്ദ്രൻ</u>): ചിക്കുൻ ഗുനിയ രോഗം ബാധിച്ച് മരിച്ചവരുടെ കുടുംബത്തിന് 25,000 രൂപവീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച് ഉത്തരവായി. ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലേയും, വടക്കേക്കര, ചിറ്റാറ്റുകര പഞ്ചായത്തുകളിലേയും രോഗബാധിതരുടെ തൊഴിലില്ലായ്മയും അതുമൂലമുള്ള കഷ്ടതയും കണക്കിലെടുത്ത് ഒക്ടോബർ 1 മുതൽ രണ്ടാഴ്ചത്തെ സൗജന്യ റേഷൻ കൊടുത്തു. കൂടുതൽ സ്ഥലങ്ങളിൽനിന്നും നിർദ്ദേശങ്ങൾ വന്നതിനാൽ വ്യാപകമായി കൊടുക്കാൻ കഴിയുന്നില്ല. കോവളം നിയോജകമണ്ഡലത്തിൽ ധനസഹായം കൊടുക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കാം.

(17) <u>മുഖാരി–മുവാരി സമുദായത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം</u>

<u>ശ്രീ. കെ.കുഞ്ഞിരാമൻ</u>: കേരളത്തിലെ മുഖാരി–മുവാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽപ്പെടുത്താൻവേണ്ട നടപടി സ്വീകരിക്കുമെന്ന കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സഭയ്ക്ക് നൽകിയ ഉറപ്പ് പാലിച്ചിട്ടില്ല. 1993 സെപ്റ്റംബർ മാസത്തിലാണ് സുപ്രീം കോടതി ഉത്തരവ്പ്രകാരം ഒ.ബി.സി. പട്ടികയിൽപെടുത്തുന്ന ആളുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. സാമൂഹ്യ മായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ലക്ഷക്കണക്കിനുവരുന്ന മുഖാരി–മുവാരി വിഭാഗത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ.എം.വിജയകുമാർ):</u> 1993–ലെ പിന്നോക്ക വിഭാഗ കമ്മിഷൻ ആക്ടിലെ വ്യവസ്ഥകളനുസരിച്ചാണ് ഒ.ബി.സി. പട്ടികയിൽ ഒരു സമുദായത്തെപ്പെടുത്തുന്നത്. പുതുതായി ഒരു സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തുന്നത് സുപ്രീം കോടതി വിധിയുടേയും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലാണ്. മുഖാരി–മുവാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംസ്ഥാന പിന്നോക്ക വിഭാഗ കമ്മിഷൻ മുമ്പ് പരിശോധിച്ചതാണ്. മുഖാരി–മുവാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നാണ് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മിഷൻ ഉപദേശം നൽകിയിരിക്കുന്നത്. എന്നാൽ കേന്ദ്ര ഗവണ്മെന്റ് ഈ വിഭാഗത്തെ ഒ.ബി.സി.യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം

ഗൗരവമായി സർക്കാർ പരിഗണിച്ച് വീണ്ടും പിന്നോക്ക വിഭാഗ കമ്മിഷന്റെ ഉപദേശം ചോദിച്ച് കാലതാമസംകൂടാതെ തീരുമാനമെടുക്കുന്നതാണ്.

(18) പെരുവണ്ണാൻ സമുദായത്തിൽപ്പെട്ടവർക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. പള്ളിപ്രം ബാലൻ: ഉത്തരമലബാറിലെ വണ്ണാൻ, മണ്ണാൻ സമുദായത്തിൽപ്പെട്ടവർക്ക് നാട്ടാചാരപ്രകാരം ലഭിക്കുന്ന ആചാരപ്പേരാണ് പെരുവണ്ണാൻ. കാലക്രമേണ സ്കൂൾ രജിസ്റ്ററിലും പെരുവണ്ണാൻ എന്ന പേര് കടന്നുകൂടിയ സാഹചര്യത്തിൽ ഈ ആചാരപ്പേര് തിരുത്തുന്നതിനുള്ള അപേക്ഷകൾ നിരസിച്ചതിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സ് അന്വേഷണം നടത്തി, ഇത് സ്ഥാനപ്പേരാണെന്ന് മനസ്സിലാക്കുകയും ജാതിപ്പേര് തിരുത്താമെന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്തു. എന്നാൽ ജാതിപ്പേര് സർട്ടിഫിക്കറ്റിൽ തിരുത്തുന്നത് നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി യിരിക്കുന്ന സാഹചര്യത്തിൽ ഇതുവരെ പട്ടികജാതിയിൽപ്പെട്ട ഇവർക്ക് പട്ടികജാതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല. അതുകൊണ്ട് ഈ ഓർഡർ പിൻവലിച്ച് പട്ടികജാതിക്കാരുടെ ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): മണ്ണാൻ, വണ്ണാൻ, പെരുവണ്ണാൻ, പെരുമണ്ണാൻ എന്നീ സമുദായങ്ങളുടെ ജാത്യാചാരങ്ങളെ പ്പറ്റി കിർത്താഡ്സ് നരവംശശാസ്ത്രപരമായ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ പെരുവണ്ണാൻ, പെരുമണ്ണാൻ എന്നിങ്ങനെ പ്രത്യേക ജാതിപ്പേരില്ലെന്നും അത് വണ്ണാൻ, മണ്ണാൻ സമുദായങ്ങളിലെ ചില പ്രത്യേക

വ്യക്തികൾക്ക് നൽകുന്ന ആചാരനാമമോ മറ്റോ മാത്രമാണെന്നുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ മണ്ണാൻ, വണ്ണാൻ എന്ന് തിരുത്തുന്നതിന് പരിഗണിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ട് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചതിൽ ആധികാരിക രേഖകളിൽ പെരുവണ്ണാൻ എന്ന ജാതിപ്പേര് ചേർത്തിട്ടുള്ള ആളുകൾ ഗസറ്റ് വിജ്ഞാപനംവഴി ജാതിപ്പേര് വണ്ണാൻ, മണ്ണാൻ എന്നിങ്ങനെ തിരുത്തി പട്ടികജാതി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുഭവിച്ചുവരികയായിരുന്നു. കേരള ഹൈക്കോടതി പ്രസ്തുത സർക്കുലറിന്റെ സാധുത പരിശോധിക്കുകയും പ്രസിഡൻഷ്യൽ ഉത്തരവ് പ്രകാരം പെരുവണ്ണാൻ മാത്രമാണ് പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും മണ്ണാൻ, വണ്ണാൻ ജാതിയുടെ സമാനമാണ് പെരുവണ്ണാൻ എന്നുള്ള സ്ക്രൂട്ടിണി കമ്മിറ്റിയുടെ വിലയിരുത്തൽ പ്രകാരം ഇറക്കിയ സർക്കാർ സർക്കുലർ നിലനിൽക്കുകയില്ലെന്നും വ്യക്തമാക്കി. കോടതിയുടെ ഡിവിഷൻ ബഞ്ച് മേൽപ്പറഞ്ഞ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് ഫലപ്രദമല്ലായെന്നും വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് നിയമപ്രശ്നങ്ങൾ ഒഴിവാക്കാൻ പെരുവണ്ണാൻ എന്നത് മണ്ണാന്റെയും വണ്ണാന്റെയും സമാന നാമമല്ലെന്നും അതുപ്രകാരം ജാതി തിരുത്തൽ പാടില്ലെന്നും സർക്കാരിന് നിയമോപദേശം ലഭിച്ചു. ഹൈക്കോടതി വിധിപ്രകാരം സർക്കാരിന്റെ സർക്കുലർ റദ്ദ് ചെയ്യപ്പെട്ടതിനാൽ പെരുവണ്ണാനെ പട്ടികജാതി ലിസ്റ്റിൽ പുതുതായി ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് പ്രസിഡൻഷ്യൽ

ഉത്തരവായി പ്രഖ്യാപിക്കുന്നതോടെ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാനാവുമെന്ന് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നു.

(19) മരം മുറിക്കാനുള്ള അവകാശം പുന:സ്ഥാപിക്കൽ

ശ്രീ.പി.കൃഷ്ണപ്രസാദ്: 2005-ലെ കേരള വൃക്ഷംവളർത്തൽ പ്രോൽസാഹന നിയമം ഭേദഗതി വരുത്തിക്കൊണ്ട് 2006 ആഗസ്റ്റിൽ പുറപ്പെടുവിച്ച ഓർഡിനൻസിന്റെ ലക്ഷ്യത്തിന് വിരുദ്ധമായി ഇപ്പോൾ 20 മരങ്ങളൊഴികെ 41 മരങ്ങൾ മുറിക്കുന്നതിന് കർഷകർക്ക് അനുവാദം നിഷേധിച്ചിരിക്കുകയാണ്. വയനാട് പോലുള്ള സ്ഥലങ്ങളിൽ 5 ഏക്കർ വരെ ഭൂപരിധിയുള്ള കർഷകർ ഇതുമൂലം വലിയ പ്രയാസം നേരിടുകയാണ്. മരം കച്ചവടക്കാരും ഫോറസ്റ്റ് ഉദ്യോഗസ്ഥരും തമ്മിലുള്ള കൂട്ടുകെട്ടിന്റെ ഭാഗമായി കർഷകർക്ക് ലഭിച്ചിരുന്ന ആനുകൂല്യം കുറയുകയും അത്തി, കടപ്ലാവ്, മഹാഗണി, പുന്ന, പാല തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിന് അനുവാദം വാങ്ങണമെന്നുള്ളത് അഴിമതിക്ക് കാരണമാകുകയും ചെയ്യും. കർഷകരെ ചൂഷണം ചെയ്യുന്നത് തടയാനും ഉദ്യോഗസ്ഥരുടെ അഴിമതി അവസാനിപ്പിക്കാനും തടി ലോബികൾ കൊള്ള ലാഭമുണ്ടാക്കുന്നത് തടയാനും ചെറുകിട-ഇടത്തരം കർഷകർക്ക് പ്രയോജനമുണ്ടാകാനും അവരുടെ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകാനുമായി ഒന്നേകാൽ ഏക്കർ ഭൂമി എന്നുള്ള പരിധി മാറ്റി അഞ്ചേക്കറാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): വൃക്ഷ സംരക്ഷണ നിയമത്തിന്റെ ഭാഗമായി നടക്കുന്ന മരംകൊള്ള തടയാനായി മുഖ്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, നിയമ വകുപ്പുമന്ത്രി, വനം വകുപ്പുമന്ത്രി എന്നിവർ യോജിച്ച് കേരളത്തിന്റെ പരിസ്ഥിതിയും

വൃക്ഷസമ്പത്തും രക്ഷിക്കാനാവശ്യമായ നീക്കങ്ങൾക്ക് തുടക്കമിടുന്ന തോടൊപ്പം കൃഷിക്കാർക്ക് നിയമം അനുകൂലമാകണമെങ്കിൽ ഭൂവിസ്തീർണ്ണ ത്തിന്റെ അളവ് ഒന്നേകാൽ ഏക്കർ എന്നുള്ളത് 5 ഏക്കറാക്കണമെന്നതിനെ ക്കുറിച്ച് പ്രസ്തുത ഓർഡിനൻസ് ആക്ടാകുന്ന വേളയിൽ പരിഗണിക്കാം. കൃഷിക്കാരന്റെ ന്യായമായ ആവശ്യങ്ങൾ തടയാൻ വേണ്ടിയുള്ള നീക്കങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥരുടെ കാര്യം ചൂണ്ടിക്കാണിച്ചാൽ നടപടി യെടുക്കുന്നതാണ്. ഭൂ പരിധി 5 ഏക്കർ ആക്കി വർദ്ധിപ്പിക്കുന്ന കാര്യം റൂൾസ് ഉണ്ടാക്കുന്ന ഘട്ടത്തിൽ പരിശോധിക്കാം.

(20) <u>നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് നിർമ്മാണം</u>

<u>ശ്രീ.എ.എം.യൂസഫ്:</u> കളമശ്ശേരി വരെ വന്നു നിൽക്കുന്ന സീ പോർട്ട് എയർപോർട്ട് റോഡിന്റെ പണി പൂർത്തീകരിച്ചാൽ എറണാകുളത്തേയ്ക്കും കൊച്ചിയിലേയ്ക്കുമുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കാനും ഇന്ധനച്ചെലവ് കുറയ്ക്കാനും യാത്രാസമയം ലാഭിക്കാനും വിദേശ സംരംഭങ്ങൾ വേഗത്തിൽ എത്തിക്കാനും സാധിക്കും. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി റോഡിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ.റ്റി.യു.കുരുവിള</u>): എറണാകുളം ജില്ലയിലെ ആലുവ, അങ്കമാലി, വടക്കേക്കര നിയോജകമണ്ഡലങ്ങളുൾക്കൊള്ളുന്ന സീപോർട്ട് എയർപോർട്ട് റോഡിന്റെ കളമശ്ശേരി മുതൽ നെടുമ്പാശ്ശേരി വരെയുള്ള ഭാഗത്തിന്റെ രണ്ടാം ഘട്ടം പണി പൂർത്തീകരിക്കുന്നതിനായി ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്ന പ്രവർത്തനങ്ങൾക്കായി 157.26 ഹെക്ടർ ഭൂമിയെടുക്കാനുള്ള നടപടികൾക്കായി 165 കോടി രൂപയുടെ മൊത്ത

ചെലവാണ് കണക്കാക്കിയിട്ടുള്ളത്. നടപ്പുവർഷം ഈ പ്രവർത്തനത്തിനായി ബഡ്ജറ്റിൽ 25.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(21) ബാബു, നോബിൾ ജോൺ എന്നിവരുടെ ദുരൂഹമരണം.

ശ്രീ.മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പെരുവയിൽ ബാബു നെടുമറ്റം എന്നയാൾ ആഗസ്റ്റ് 13-ാം തീയതി കടയടച്ചശേഷം വീട്ടിലേയ്ക്ക് വരുന്നവഴി ഓടയിൽ വീണ് മരിക്കുകയും കോട്ടയം മെഡിക്കൽ കോളേജ് വിദ്യാർത്ഥിയായിരുന്ന നോബിൾ ജോൺ ജൂൺ 27-ന് കൂട്ടുകാരുമായി മീനച്ചിലാറ്റിൽ കുളിക്കാൻ പോയപ്പോൾ കുമാരനല്ലൂർ ദേവീക്ഷേത്രത്തിന് സമീപം വച്ച് മുങ്ങിമരിക്കുകയും ചെയ്തു. ഈ രണ്ടു മരണങ്ങളിലും നടന്ന കേസന്വേഷണങ്ങൾ തൃപ്തികരമല്ലാത്ത തിനാൽ കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. മുട്ടച്ചിറയിലെ ഫെഡറൽ ബാങ്ക് ശാഖയിൽ 18-10-06-ന് രാത്രി കോൺക്രീറ്റ് ഭിത്തി പൊളിച്ച് സ്ട്രോംഗ് റൂം തകർത്ത് ഒരു കോടിയോളം രൂപയുടെ കറൻസിയും സ്വർണ്ണവും മോഷ്ടിക്കപ്പെട്ട സംഭവ ത്തെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്താനുള്ള നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോട്ടയം നെടുമറ്റത്തുവീട്ടിൽ ആന്ത്രോസിന്റെ മകൻ ബാബു പെരുവ ജംഗ്ഷനു സമീപം സ്ഥിതി ചെയ്യുന്ന ഹോസ്പിറ്റലിന്റെ മുൻവശത്തുള്ള ഓടയിലെ സ്ലാബിനടിയിൽ മരിച്ചു കിടക്കുന്നതായി 13-8-06-ൽ കാണപ്പെട്ടു. ഇതൊരു കൊലപാതകമാണെന്നതിനുള്ള തെളിവുകൾ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം വേണമെന്ന ആവശ്യം ഉയർന്നതിന്റെ അടിസ്ഥാന

ത്തിൽ തുടർ അന്വേഷണം നടത്താനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്; ഊർജ്ജിതമായ അന്വേഷണം നടന്നുവരികയാണ്. കോട്ടയം മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. വിദ്യാർത്ഥി നോബിൾ ജോണും കൂട്ടുകാരും കൂടി കുമാരനല്ലൂർ അമ്പലത്തിനടുത്തുള്ള കടവിൽ 27-6-06-ന് വൈകിട്ട് കുളിക്കാനിറങ്ങിയപ്പോൾ ഒഴുക്കിൽപ്പെട്ട് പുഴയിൽ താഴുകയും തുടർന്ന് ആറ്റിൽ നിന്ന് മൃതശരീരം കണ്ടെടുക്കുകയും ചെയ്തു. വെള്ളത്തിൽ മുങ്ങി ശ്വാസം മുട്ടി മരിച്ചതാണെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ഈ കേസ്സിലും വിശദമായി തുടർ അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കടുത്തുരുത്തി മുട്ടച്ചിറ ഫെഡറൽ ബാങ്ക് ശാഖയിൽ 17-ാം തീയതി രാത്രി കോൺക്രീറ്റ് ഭിത്തി തകർത്ത് ലോക്കർ പൊളിച്ച് ഒരു കോടിയോളം രൂപയുടെ മോഷണം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. പല സ്ഥലത്തും റിസർവ്വ് ബാങ്കിന്റെ നോംസിന്റെ അടിസ്ഥാനത്തിലുള്ള സുരക്ഷാ സംവിധാനങ്ങളില്ലാത്തതിനാൽ ബാങ്കുകളുടെ സുരക്ഷാ ക്രമീകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഗവണ്മെന്റ് എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകുകയും ബാങ്കുകളുടെ സുരക്ഷാ ക്രമീകരണങ്ങൾ സംബന്ധിച്ച് പരിശോധിക്കുന്നതുമാണ്. എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് കേസന്വേഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം മോഷണകേസ്സിലുൾപ്പെട്ടവരെ കണ്ടുപിടിക്കുന്ന തിനുള്ള ഊർജ്ജിതമായ അന്വേഷണം നടത്താനും നിർദ്ദേശം നൽകുന്ന താണ്.

## (22) <u>ചെല്ലാനം തീരപ്രദേശത്തെ കടൽഭിത്തി നിർമ്മാണം</u>

<u>ശ്രീ. സി.എം. ദിനേശ് മണി</u>: ഒന്നര വർഷം മുമ്പ് തുടങ്ങേണ്ടിയിരുന്ന പന്ത്രണ്ടാം ധനകാര്യ കമ്മിഷന്റെ ഗ്രാന്റ് ഇൻ എയ്ഡ് ഫോർ കോസ്റ്റൽ

മാനേജ്മെന്റ് സോൺ പദ്ധതി പ്രകാരം ലഭിച്ച 175 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ പി.ഡബ്ളിയു.ഡി. റേറ്റ് റിവൈസ് ചെയ്തതിന്റെ ഫലമായി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികൾ അടിയന്തിരമായി നിർവ്വഹിക്കാനും ചെല്ലാനം പ്രദേശം നേരിടുന്ന കടലാക്രമണ ഭീഷണിക്ക് പരിഹാരം കാണാനായി നടന്നു വരുന്ന കടൽഭിത്തി നിർമ്മാണത്തിന്റെ സ്ട്രക്ച്ചറിൽ മാറ്റം വരുത്താനും നടപടി സ്വീകരിക്കണം.

ജലവിഭവവകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> ചെല്ലാനം ദ്വീപിലെ ഒരു കിലോമീറ്റർ നീളമുള്ള കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി 125 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിവരികയാണ്. കൂടാതെ 715 കിലോമീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കുകയും ബാക്കി ഭാഗത്തിന്റെ പണികൾ പൂർത്തീകരിക്കുന്ന തിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരികയുമാണ്. 2006 ഡിസംബർ മാസത്തോടെ ഈ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചെല്ലാനം പുത്തൻതോട് ഫിഷിംഗ് ഗ്യാപ്പിനായി 12 ലക്ഷം രൂപ വീതം ചെലവുള്ള രണ്ട് പുലിമുട്ടുകൾ കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തീകരിച്ചതിനു പുറമേ ചെല്ലാനം തീരപ്രദേശത്ത് 659 മീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധരിക്കുന്നതിനുവേണ്ടി 109.30 ലക്ഷം രൂപയുടെ പണികൾക്കായി സി.എം.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതിൽ 208 മീറ്ററിന്റെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പണികൾ 2006 ഡിസംബറിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മിഷൻ അവാർഡിൽ ഉൾപ്പെടുത്തി

ചെല്ലാനം തീരപ്രദേശത്ത് വിവിധ ഭാഗങ്ങളിലായി എട്ട് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനും 2.95 കിലോമീറ്റർ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും നിർദ്ദേശമുണ്ട്. 2006–07–ൽ 60 ലക്ഷം രൂപ ചെലവിട്ട് നാല് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനും 147.56 ലക്ഷം രൂപ ചെലവിൽ ഒരു കിലോമീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധരിക്കുന്നതിനും സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേന്ദ്ര സർക്കാരിന്റെ സുനാമി റീഹാബിലിറ്റേഷൻ പദ്ധതിയുടെ അംഗീകാരം ലഭിക്കുന്നതിനായി 4 കോടി രൂപയുടെ 20 പുലിമുട്ടുകളുടെ നിർമ്മാണവും 22.10 കോടി രൂപയുടെ പത്തര കിലോമീറ്റർ കടൽഭിത്തി പുനരുദ്ധരിക്കുന്നതിനുള്ള പ്രവൃത്തികൾക്കും ശുപാർശ നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## (23) ട്രെയിൻ സർവ്വീസുകൾ നിർത്തലാക്കൽ

ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി: തിരുവനന്തപുരം റൂട്ടിൽ ഓടുന്ന സുവർണ്ണ ജയന്തി എക്സ്പ്രസ്സും മില്ലേനിയം എക്സ്പ്രസ്സും വേണ്ടത്ര യാത്രക്കാരില്ലെന്ന കാരണം പറഞ്ഞ് നിർത്തലാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി അവയിലേയ്ക്കുള്ള റിസർവേഷൻ നിർത്തിവച്ചിരിക്കുകയാണ്. ഇത്തരം ട്രെയിനുകളിൽ സെക്യൂരിറ്റി സർവ്വീസും pantry car–ഉം ഇല്ലാത്തതും യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. കേരളത്തിന്റെ ശക്തമായ ജനവികാരം കേന്ദ്രത്തെ അറിയിച്ച് ഈ ട്രെയിൻ സർവ്വീസുകൾ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): ദീർഘദൂര ട്രെയിനുകളായ സുവർണ്ണ ജയന്തി എക്സ്പ്രസ്സും, മില്ലേനിയം എക്സ്പ്രസ്സും 2006 ഡിസംബർ മാസം ഒന്നാം തീയതി മുതൽ നിർത്തലാക്കുന്ന കാര്യം സർക്കാർ അറിയുന്നത് മാധ്യമങ്ങളിലൂടെയാണ്. ട്രെയിനുകൾ നിർത്തലാക്കുക, സമയത്തിൽ മാറ്റം വരുത്തുക തുടങ്ങിയ കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ആലോചിച്ചുമാത്രമേ ചെയ്യാൻ പാടുള്ളൂ. ഇതുസംബന്ധിച്ച് റെയിൽവേ അധികാരികളുമായി ബന്ധപ്പെട്ടപ്പോൾ ഈ വിഷയം നോർതേൺ റെയിൽവേയുടെ പരിധിയിൽ വരുന്നതാണെന്നാണ് അറിയാൻ കഴിഞ്ഞത്. പാൻട്രികാർ ഇല്ലാത്തതും ട്രെയിനിന്റെ സമയത്തിൽ വന്ന വ്യത്യാസംമൂലവും യാത്രക്കാർ കുറഞ്ഞതുകൊണ്ടാണ് ഈ രണ്ട് ട്രെയിനുകളും നിർത്തലാക്കാൻ തീരുമാനിച്ചതെന്ന റെയിൽവേയുടെ ന്യായം വിശ്വാസയോഗ്യമല്ലാത്തതിനാൽ ഇക്കാര്യം പരിശോധിച്ച് ഇവ പുന:സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ എല്ലാ സമ്മർദ്ദവും ചെലുത്തുന്നതാണ്.

(24) ചെങ്ങന്നൂർ ഐ.ടി.ഐ.യുടെ ശോച്യാവസ്ഥ

ശ്രീ.പി.സി.വിഷ്ണുനാഥ്: അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ചെങ്ങന്നൂർ ഐ.ടി.ഐ.യിൽ സുഗമമായ പ്രവർത്തനം നടക്കുന്നില്ല. ചോർന്നൊലിക്കുന്ന ക്ലാസ് മുറികളുടെ അറ്റകുറ്റപ്പണികൾ നടത്താനും റീ-വയറിംഗ് നടത്താനും പുതിയ ട്രേഡുകൾ ആരംഭിക്കാനും ട്രേഡ് ടെസ്റ്റ് പാസ്സായവർക്ക് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 1964-ൽ പ്രവർത്തനം ആരംഭിച്ച ചെങ്ങന്നൂർ ഐ.ടി.ഐ.യിൽ നിലവിലുള്ള

23 ട്രേഡുകളിൽ 58 യൂണിറ്റുകളിലായി 1012 വിദ്യാർത്ഥികളുണ്ട്. ടെക്നിക്കൽ വിഭാഗത്തിൽ 63-ഉം മിനിസ്റ്റീരിയൽ വിഭാഗത്തിൽ 21-ഉം ജീവനക്കാരുള്ള തിനാൽ ഇപ്പോൾ ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നില്ല. ക്ലാസ്സ് മുറികളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിലവിലുള്ള കെട്ടിടത്തിനു മുകളിൽ പുതിയ ക്ലാസ്സ് മുറികൾ പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്ന തിനുള്ള അനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പ്രശ്നം പരിഹരിക്കാൻ സത്വരമായ നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ നിന്ന് പാസ്സായവർക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നുണ്ട്. 2004 ഫെബ്രുവരി വരെ വിജയിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകിക്കഴിഞ്ഞു.

(25) കുന്ദംകുളത്ത് മിനി സിവിൽ സ്റ്റേഷൻ

ശ്രീ. ബാബു എം.പാലിശ്ശേരി: കുന്ദംകുളത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇതിനാവശ്യ മായ സ്ഥലവും പ്ലാനും മരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കുന്ദംകുളത്ത് മിനി സിവിൽ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. 2006-2007-ലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എത്രയും പെട്ടെന്ന് ആവശ്യമായ ഫണ്ടും ഭരണാനുമതിയും നൽകി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (26) കോഴിക്കോട് ജില്ലയിലെ പൊയിൽകാവിൽ ജ്വാല ലൈബ്രറി നശിപ്പിച്ചത് സംബന്ധിച്ച്

ശ്രീ.പി.വിശ്വൻ: കോഴിക്കോട് ജില്ലയിലെ പൊയിൽകാവിൽ ജ്വാല ലൈബ്രറി 17-10-2006-ന് കാലത്ത് സാമൂഹ്യവിരുദ്ധർ തീവച്ച് നശിപ്പിച്ചു. 40 വർഷത്തോളം പഴക്കംചെന്ന കേളുവേട്ടൻ സ്മാരക മന്ദിരത്തിൽ സ്ഥിതി ചെയ്യുന്ന ഈ ലൈബ്രറിയിലെ അയ്യായിരത്തിലധികം പുസ്തകങ്ങളും രാജാറാം മോഹൻ റോയ് ഫൗണ്ടേഷന്റെ സഹായത്തോടെ ലഭിച്ച സാധനങ്ങളും നശിപ്പിക്കപ്പെട്ടു. 1980-നു മുമ്പ് പ്രസിദ്ധീകരിച്ച out of print ആയ ബുക്കുകളാണ് കൂടുതലും നശിപ്പിക്കപ്പെട്ടത്. ഇതുവഴി അഞ്ചര ലക്ഷം രൂപയിൽ കൂടുതൽ നഷ്ടവും ഉണ്ടായിട്ടുണ്ട്. ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): കൊയിലാണ്ടി കേളുവേട്ടൻ സ്മാരക മന്ദിരത്തിൽ പ്രവർത്തിച്ചിരുന്ന ജ്വാല ലൈബ്രറിയിൽ 17-10-2006-ന് ഒരുകൂട്ടം ആളുകൾ കടന്ന് 5000-ത്തിലധികം പുസ്തകങ്ങളും മാഗസിനുകളും ഫർണിച്ചറുകളും തീയിട്ട് നശിപ്പിച്ചു. ലൈബ്രറി പ്രസിഡന്റ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കൊയിലാണ്ടി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. ഇക്കാര്യത്തിൽ ശക്തമായ നിലപാടുകൾ സ്വീകരിക്കുവാൻ ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്**

സപ്ളൈകോയിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റീസ് മുരളീധരൻ കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മെമ്മോറാണ്ടവും ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി.ദിവാകരൻ) മേശപ്പുറത്തുവച്ചു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

<u>സപ്ലൈകോയിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് മുരളീധരൻ കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളേയും സംബന്ധിച്ച്</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> സംസ്ഥാനത്തെ സുപ്രധാന പൊതു മേഖലാ സ്ഥാപനമായ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ കഴിഞ്ഞ കുറേനാളുകളായി നടന്നുകൊണ്ടിരുന്ന അസാധാരണവും ഞെട്ടിപ്പിക്കുന്നതുമായ അഴിമതിക്ക് പരിഹാരം കാണുക എന്നത് സഹകരിക്കാൻ കഴിയുന്ന ഒരു വിഷയമാണെന്ന് വിശ്വസിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ താറുമാറാവുകയും അഴിമതിയിൽ മുങ്ങിക്കുളിക്കുകയും ചെയ്തു. അവിടെ നടന്ന അഴിമതിയെക്കുറിച്ച് യു.ഡി.എഫ്. സർക്കാരിനു തന്നെ അവസാനം അന്വേഷിക്കേണ്ടിവന്നു. അതിനുമുമ്പും നിരവധി അന്വേഷണങ്ങൾ നടന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിജിലൻസ് ഓഫീസറും പോലീസ് സൂപ്രണ്ടുമായ ശ്രീ.കൈലാസനാഥ് നടത്തിയ അന്വേഷണവും സി.ആന്റ്.എ.ജി.യുടെ 2004-2005-ലെ അന്വേഷണവും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ അന്വേഷണവും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അസിസ്റ്റന്റ് സെക്രട്ടറി നടത്തിയ അന്വേഷണങ്ങളും ചതിയും വഞ്ചനയും നടത്തി കോടികൾ

തട്ടിയവർക്കെതിരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഫയൽ ചെയ്ത 18 ക്രിമിനൽ കേസുകളും സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് 18–11–2005–ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുമെല്ലാം കാണിക്കുന്നത് 2002 മുതൽ 2005 വരെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വമ്പിച്ച അഴിമതി നടന്നുവെന്നാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ സ്പൈസസ് ട്രേഡിംഗ് കോർപ്പറേഷനിലെ ഉന്നതരായ ഐ.എ.സ്.–ഐ.പി.എസ്. ഉദ്യോഗസ്ഥർ, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലെ കച്ചവട സ്ഥാപനങ്ങൾ, കമ്മീഷൻ ഏജന്റുമാർ, വ്യക്തികൾ എന്നിവർ ഈ അഴിമതിക്കേസുമായി ബന്ധപ്പെട്ടവരായതുകൊണ്ട് ഇതിനെക്കുറിച്ചുള്ള അന്വേഷണം ഒരു കേന്ദ്ര ഏജൻസിയെക്കൊണ്ട് നടത്തണമെന്നാണ് ബഹുമാനപ്പെട്ട കോടതിയും പല അന്വേഷണ റിപ്പോർട്ടുകളും ആവശ്യ പ്പെട്ടത്. എന്നിട്ടും സർക്കാർ നടപടി സ്വീകരിക്കാൻ കൂട്ടാക്കിയില്ല. മുൻ സർക്കാരിന്റെ ഈ അനങ്ങാപ്പാറ നയം ദുരൂഹമാണ്. അവസാനം യു.ഡി.എഫ്. സർക്കാർ സി.ബി.ഐ. അന്വേഷണം ഒഴിവാക്കാൻ ഒരു ജുഡീഷ്യൽ കമ്മിഷനെ നിയമിക്കാൻ നിർബന്ധിതമായി. അങ്ങനെ നിയമിച്ച ജസ്റ്റിസ് ഇ. കെ. മരുളീധരൻ കമ്മിഷൻ റിപ്പോർട്ടും സർക്കാരിന് ലഭിച്ചു. ആ റിപ്പോർട്ടിനും യു.ഡി.എഫ്. ഭരണകാലത്തെ മറ്റു റിപ്പോർട്ടുകളുടെ ഗതി വരാൻ പാടില്ലെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് നിർബന്ധമുണ്ട്. ഈ കാലയളവിൽ കോർപ്പറേഷൻ നടത്തിയ സർവ്വ ഇടപാടിലും കോടികളുടെ നഷ്ടമാണ് ഉണ്ടായത്. സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ വകുപ്പുതല വിജിലൻസ് അന്വേഷണത്തിൽ 96.70 കോടി രൂപയുടെ അഴിമതി നടന്നതായാണ് വെളിപ്പെടുത്തിയിരിക്കുന്നത്. 2005–ലെ

സി.&എ.ജി.യുടെ ആഡിറ്റ് റിപ്പോർട്ട് (വാണിജ്യം) അനുസരിച്ച് സപ്ളൈകോയിൽ 2001 മുതൽ 2004 വരെ 134.39 കോടി രൂപയുടെ അഴിമതിയാണ് നടന്നത്. ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണത്തിൽ സപ്ളൈകോയിൽ 2002 മുതൽ 2004 വരെയുള്ള കാലയളവിൽ കമ്പോള വിലയേക്കാൾ വളരെ ഉയർന്ന നിരക്കിൽ ഉൽപ്പന്നങ്ങൾ സംഭരിച്ചതുവഴി 43.37 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി കണ്ടെത്തി. യു.ഡി.എഫ്. സർക്കാർ നിയമിച്ച ജസ്റ്റീസ് ഇ.കെ.മുരളീധരൻ കമ്മിഷനോട് രാഷ്ട്രീയ ലക്ഷ്യത്തോടെ 16–3–95 മുതൽ 15–3–05 വരെയുള്ള 10 കൊല്ലക്കാലയളവിൽ നടന്ന ഇടപാടുകളെക്കുറിച്ച് അന്വേഷിക്കാനാണ് ആവശ്യപ്പെട്ടത്. ആ കമ്മിഷൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ 1996 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ യാതൊരു അഴിമതിയും കണ്ടെത്തിയിട്ടില്ല. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടമായ 2002 മുതൽ 2005 വരെ ഗുരുതരമായ ക്രമക്കേടുകൾ നടന്നുവെന്നാണ് കമ്മിഷൻ കണ്ടെത്തിയത്. സിവിൽ സപ്ളൈസ് കോർപ്പറേഷൻ അതിന്റെ വാങ്ങൽ നയത്തിൽ നിന്നും വ്യതിചലിച്ചു; 2003–04, 2004–05 കാലഘട്ടങ്ങളിൽ കോർപ്പറേഷനിൽ ഏറ്റവും കുറഞ്ഞത് 33.86 കോടി രൂപയുടെ നഷ്ടമുണ്ടായി; തെളിവുകൾ കണ്ടെത്തുന്നതിനും നഷ്ടം ഈടാക്കുന്നതിനുമായി സി.ബി.ഐ.യോ സംസ്ഥാനത്തിന് പുറത്തുള്ള മറ്റേതെങ്കിലും ഏജൻസിയെയോ അന്വേഷണം ഏൽപ്പിക്കേണ്ടതാണ്: അന്വേഷണത്തിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി സ്ഥിരമായി സപ്ളൈകോയിൽ ഒരു വിജിലൻസ് വിംഗ് രൂപീകരിക്കേണ്ടതാണ് എന്നിവയാണ് കമ്മിഷന്റെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ. സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡും കോർപ്പറേഷനിൽ 2001 മുതൽ 2004 സെപ്റ്റംബർ മാസം വരെ

നടന്ന അഴിമതികളെയും ക്രമക്കേടുകളെയും കുറിച്ച് സി.ബി.ഐ. അന്വേ ഷണം നടത്തണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ 2001 ജൂൺ മുതൽ 2006 മേയ് വരെ നടന്ന ക്രമക്കേടുകളെക്കുറിച്ച് സി.ബി.ഐ.യെ ക്കൊണ്ട് അന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചു. മറ്റെല്ലാ ശുപാർശകളും നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നു മുതൽ മൂന്നു വരെ യുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

ധനകാര്യ വകുപ്പുമന്ത്രി 2006-07 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേ യ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വച്ചു.

**നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള ധനകാര്യ ബിൽ പരിഗണന യ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ ഇതിൽ ഡിസെന്റിംഗ് നോട്ട് എഴുതിയിട്ടുള്ളത് റെട്രോസ്പെക്ടീവ് എഫക്ട് കൊടുക്കുന്ന കാര്യത്തെ

സംബന്ധിച്ചാണ്. അതിന് പുറമേ 17 സി (1) പ്രകാരം മാർച്ച് ഒന്നുവരെയുള്ള റിട്ടേൺ സമർപ്പിക്കുകയും ടാക്സ് അടയ്ക്കുകയും ചെയ്താൽ 2006 ഏപ്രിൽ ഒന്നു വരെയുള്ള പെൻഡൻസി തീർന്നുവെന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അങ്ങനെ പറയുമ്പോൾ തന്നെ 2006 മുതൽ 5 കൊല്ലക്കാലത്തിനുള്ളിൽ കമ്മിഷണർക്കോ ഡെപ്യൂട്ടി കമ്മിഷണർക്കോ ഇത് re-open ചെയ്യാനുള്ള അധികാരമുണ്ട് എന്നാണ് പറയുന്നത്. അങ്ങനെ re-open ചെയ്ത് മൂന്നിരട്ടി ഫൈൻ ഈടാക്കുവാനുള്ള അധികാരം വളരെ അപകടം ചെയ്യുന്നതാണ്. അങ്ങനെ ഡെപ്യൂട്ടി കമ്മിഷണർ ഓർഡറിട്ട് കഴിഞ്ഞ് മൂന്നിരട്ടി ഫൈൻ ചെയ്തുകഴിഞ്ഞ് വേറെ ഒരു ഓഫീസർ വന്നാൽ ഈ നിയമപ്രകാരം അയാൾക്കും ഈ 5 കൊല്ലക്കാലത്തിനുള്ളിൽ വീണ്ടും ഫൈൻ ഈടാക്കാൻ സാധിക്കും. ഇത് വ്യാപാരികളെ harass ചെയ്യുന്ന വകുപ്പാണ്. വ്യാപാരികളെ ഹരാസ്സ് ചെയ്യാനും അഴിമതി നടത്താനും സാധ്യതയുള്ളതുകൊണ്ട് 01–04–2006 മുതൽ 5 വർഷത്തേയ്ക്ക് അസ്സസ്മെന്റ്സ് റീ–ഓപ്പൺ ചെയ്യാമെന്ന പ്രൊവിഷൻ ഒഴിവാക്കണം. സർക്കാരിന് റവന്യൂ നഷ്ടമുണ്ടാകുമെന്നതിനാൽ റൂളിന് റിട്രോസ്പെക്റ്റീവ് ഇഫക്ട് കൊടുക്കുന്നത് ശരിയല്ല അത് ടാക്സേഷനെയും സംസ്ഥാനത്തിന്റെ റവന്യൂ കളക്ഷനെത്തന്നെയും പ്രതികൂലമായി ബാധിക്കുന്നതാണ്. 150 രൂപയ്ക്കു താഴെ വാടകയുള്ള ഹോട്ടൽ മുറിയിൽ താമസിക്കുന്നവർക്ക് ടെലിഫോൺ കാളിന് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തുന്നതും ടി.വി.ക്ക് അഞ്ച് രൂപ ടാക്സ് ഈടാക്കുന്നതും ഒഴിവാക്കണം. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് ഈടാക്കണം. സ്വർണ്ണവ്യാപാരികളിൽ നിന്ന് 4 ശതമാനം ടാക്സ് കർശനമായും പിരിച്ചെടുക്കണം. അതിന് ഓരോ

പ്രധാനപ്പെട്ട സ്വർണ്ണവ്യാപാര ഷോപ്പിലും മൂന്ന് മാസത്തേയ്ക്ക് ഒരു സെയിൽസ് ടാക്സ് ഓഫീസർ എന്ന നിലയ്ക്ക് ഓഫീസറെ നിയമിച്ച് ടാക്സ് കളക്ട് ചെയ്യണം.

ശ്രീ. കെ.സി. വേണുഗോപാൽ: ധനവിനിയോഗ ബില്ലിൻമേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. സമ്പദ്ഘടന ശക്തിപ്പെടുത്താനുള്ള ക്രിയാത്മക നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. 150 രൂപയ്ക്ക് താഴെ വാടകയുള്ള മുറിയിൽ താമസിക്കുന്നവർക്ക് ഏർപ്പെടുത്തുന്ന ലക്ഷ്വറി ടാക്സ് പിൻവലിക്കണം. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചതിന് ആനുപാതികമായി ടാക്സ് കളക്ഷൻ കൂടിയിട്ടുണ്ടെന്നത് അംഗീകരിക്കുന്നു. അഡ്മിനിസ്ട്രേറ്റീവ് എക്സ്പെന്റിച്ചർ കുറയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞ് റവന്യൂ വർദ്ധിപ്പിച്ച് സാമ്പത്തിക ഭദ്രത കൈവരിക്കണം. കൊതുകുതിരിയെ ഒരു വർഷത്തേയ്ക്ക് നികുതിയിൽ നിന്നൊഴിവാക്കണം. കുമ്മായം, ബ്ളീച്ചിംഗ് പൗഡർ എന്നിവയെ നികുതി യിൽനിന്നൊഴിവാക്കണം. എമൽഷൻ പെയിന്റൊഴികെയുള്ള പെയിന്റു കളുടെ നികുതി 20 ശതമാനത്തിൽനിന്ന് പന്ത്രണ്ടര ശതമാനമാക്കി കുറയ്ക്കണം. ലക്ഷ്വറി ടാക്സിന്റെ പരിധിയിൽ വരുന്ന സാധാരണ ഹൗസ് ബോട്ടുകളുടെ റൂം റെന്റിൽ മാറ്റം വരുത്തണം. തൊഴിലില്ലായ്മ പരിഹരി ക്കുന്നതടക്കമുള്ള ബൃഹത്തായ പരിപാടികൾ ആവിഷ്ക്കരിക്കണം. യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച ആരോഗ്യ സുരക്ഷാ പദ്ധതി ഉപേക്ഷി ക്കാനുള്ള നീക്കം പിൻവലിക്കണം. ഇവിടെ കൊണ്ടുവന്നിട്ടുള്ള നികുതി നിർദ്ദേശങ്ങളിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ പരിഹരിക്കാനാവശ്യ മായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഏറ്റവും കുറച്ച് നികുതി പിരിക്കുന്ന ഗവൺമെന്റാണ് നല്ല ഗവൺമെന്റ് എന്ന ക്ളാസിക് സങ്കൽപം ഈ രാജ്യത്ത് സ്വീകരിക്കാൻ കഴിയുകയില്ല. ഒരു ഗവൺമെന്റിനും നികുതി പിരിക്കാതെ ഭരിക്കാൻ കഴിയുകയില്ല. ആവശ്യത്തിന് നികുതി വർദ്ധിപ്പിക്കണം. സംസ്ഥാന ഗവൺമെന്റിന്റെ തനത് വരുമാനത്തിലെ നല്ലൊരു ഭാഗം സെയിൽസ് ടാക്സാണ്. കേരളത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമത്തിന്റെ പ്രതിഫലനം ധനകാര്യ ബില്ലിലും പ്രതിഫലിച്ചു കാണാൻ കഴിയും. നമ്മുടെ സംസ്ഥാനത്ത് ധനകാര്യ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതകൊണ്ട് ആദ്യമായി ട്രഷറി പൂട്ടിയതും ഗവൺമെന്റ് കൊടുക്കുന്ന എല്ലാ ചെക്കുകളും വണ്ടിചെക്കുകളായി മാറിയതും 1986–91 വരെ ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. 'വാറ്റ്'–ന്റെ കാര്യത്തിൽ കേന്ദ്ര നയത്തിന് വിരുദ്ധമായ സമീപനമാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളത്. ലക്ഷ്വറി ടാക്സിനെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ വ്യത്യാസം വരുത്തണം. പെയിന്റിന്റെ നികുതി കുറയ്ക്കണം. പുട്ടി, പോളിഷ്, ടി.വി, ഫിഷിംഗ് നെറ്റ്, എൻജിൻ, വള്ളം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഫൈബർ, പ്ളൈവുഡ് എന്നിവയെ നികുതിയിൽനിന്നൊഴിവാക്കണം. ടാക്സ് പിരിവിലൂടെ മാത്രം വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയില്ല. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. പാവപ്പെട്ടവർക്കുവേണ്ടി പുവർ ഫണ്ട് രൂപീകരിക്കണം. 'ലക്കി വാറ്റ്' സമ്പ്രദായം ഉപേക്ഷിക്കണം. കംപ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി ടാക്സ് പിരിക്കാനുള്ള മെഷിനറി ശാസ്ത്രീയമായി

പരിഷ്ക്കരിക്കണം. നികുതിക്ക് സ്ലാബ് സിസ്റ്റം ഏർപ്പെടുത്തുന്നതിൽ പ്രായോഗികമായ സമീപനം സ്വീകരിക്കണം.

<u>പ്രൊഫ.എൻ.ജയരാജ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ കാര്യത്തിൽ പ്രാക്ടിക്കലായ സമീപനം സ്വീകരിക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറായിട്ടുണ്ട്. കേരളത്തിലെ പ്ലൈവുഡ് വ്യവസായ മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്. സോഫ്റ്റ് വുഡ് മേഖല ഇന്ന് നേരിടുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് കാര്യമായ സഹായം ലഭ്യമാക്കണം. സോഫ്റ്റ് വുഡിനെ ടിമ്പർ എന്ന കൺസപ്റ്റിൽനിന്ന് മാറ്റണം. പ്ലാൻ ഫണ്ടിന്റെ 80 ശതമാനത്തോളം ഉല്പാദനപരമല്ലാത്ത മേഖലകളിലേയ്ക്കാണ് ചെലവഴിക്കുന്നത്. ഭരണച്ചെലവ് കുറയ്ക്കുകയും വാഹനങ്ങൾ, ടെലിഫോൺ എന്നിവയുടെ ഉപയോഗത്തിൽ നിയന്ത്രണമേർപ്പെടുത്തുകയും ചെയ്യണം. റവന്യൂ കമ്മി കുറയ്ക്കാൻ സംവിധാനം ഏർപ്പെടുത്തണം. ധനകാര്യ കമ്മീഷനുകൾ ക്രൈറ്റീരിയ നിശ്ചയിക്കുമ്പോൾ കേരളം പോലെയുള്ള സംസ്ഥാനങ്ങളെ അവഗണിക്കുന്ന സമീപനം സ്വീകരിക്കുന്നത് രാഷ്ട്രീയത്തിനതീതമായി വേദികളിൽ ചർച്ച ചെയ്യപ്പെടണം. ഇക്കാര്യത്തിൽ വളരെ ക്രിയാത്മകമായ നിർദ്ദേശം ഉണ്ടാകണം. നികുതി വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാനുള്ള സാഹചര്യം പരിമിതപ്പെടുത്തുന്നതിന്റെ ഫലമായി ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുമോ എന്ന ആശങ്ക നിലനിൽക്കുകയാണ്.

<u>പ്രൊഫ: കെ.വി. തോമസ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1984-ൽ

രാജീവ് ഗാന്ധി കൊണ്ടുവന്ന ദേശീയ വിദ്യാഭ്യാസ നയത്തിന് അനുബന്ധ മായി പ്രീ–ഡിഗ്രി ഡീലിങ്ക് ചെയ്യാൻ യു.ഡി.എഫ്. സർക്കാർ എടുത്ത തീരുമാ നത്തെ എതിർത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണി കാര്യമായ ആലോചന കൂടാതെ പ്ലസ് ടു കൊണ്ടുവന്നതിന്റെ ഫലമായി സംസ്ഥാനത്ത് 500 കോടി രൂപയുടെ നഷ്ടമുണ്ടായി. പാവപ്പെട്ടവരെ ഉദ്ദേശിച്ചാണ് ഇവിടെ ആരോഗ്യ ഇൻഷ്വറൻസ് സ്കീം കൊണ്ടുവന്നത്. ബി.പി.എൽ കാർക്ക് സർക്കാർ ആശു പത്രികളിൽ ഇന്നും സൗജന്യ ചികിത്സയാണ് നൽകുന്നത്. എന്നാൽ അവിടെ ആവശ്യത്തിന് ഡോക്ടർമാരോ മരുന്നോ ഇല്ലാത്ത സ്ഥിതിവിശേഷ മാണുള്ളത്. അതുകൊണ്ട് സ്വകാര്യ ആശുപത്രികളിൽ കിട്ടുന്ന സൗകര്യം സർക്കാർ ആശുപത്രികളിലും ലഭ്യമാക്കണം. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന എക്സ്പ്രസ്സ് ഹൈവേയുടെ പേരിൽ ധാരാളം പ്രക്ഷോഭങ്ങൾ സംസ്ഥാനത്ത് നടന്നു. എന്നാൽ അതേ ആശയത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തെക്കു വടക്കു പാത കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ തമിഴ്നാടിന് വെള്ളം കൊടുക്കു ന്നതിൽ ആർക്കും എതിർപ്പില്ല. എന്നാൽ ഡാമിന്റെ സുരക്ഷിതത്വമാണ് ഏറെ പ്രധാനം. കേരളത്തിലെ 30 ലക്ഷം ആളുകളെ ബാധിക്കുന്ന പ്രശ്നം ആരും കണക്കിലെടുക്കുന്നില്ല. ഡാമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഡാം സേഫ്റ്റി അതോറിറ്റി നിലവിലുണ്ട്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പോലുള്ള ഒരു വലിയ പ്രോജക്ട് നടപ്പിലാക്കുന്നതിന് താമസമുണ്ടാക്കുന്ന വിധത്തിലാണ് ഇടതുപക്ഷം നീങ്ങിയത്. ധനകാര്യ വകുപ്പുമന്ത്രിയുടെ സാമ്പത്തിക വൈദഗ്ദ്ധ്യം രാഷ്ട്രീയമായ കാഴ്ചപ്പാടിന്റെ അന്ധതയിൽ തകർന്നുപോകരുത്. കേരളത്തിൽ ഭരണം മാറി മാറി വരുന്ന

സാഹചര്യത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടി ഒറ്റക്കെട്ടായി പ്രവർത്തിക്കാനുള്ള സമീപനം സ്വീകരിക്കണം.

<u>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള ധനകാര്യബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ധനകാര്യ മേഖലയിൽ ഏറെ വൈദഗ്ദ്ധ്യമുള്ള, സാമ്പത്തിക മേഖലയിലെ ഓരോ ചലനവും സസൂക്ഷ്മം മനസ്സിലാക്കി അതിനൊത്ത് കേരളത്തിന്റെ സാമ്പത്തിക ഘടന മാറ്റിത്തീർക്കാൻ നേതൃത്വം കൊടുക്കുന്ന ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്ന ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. യു.ഡി.എഫ് ഭരണകാലത്ത് ട്രഷറി ബാൻ മൂലം ബില്ലുകളൊന്നും മാറാൻ സാധിച്ചിരുന്നില്ല. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് 3000 കോടി രൂപ വേണ്ട സ്ഥലത്ത് 1600 കോടി രൂപയാണ് വച്ചത്. ഓരോ അഞ്ചുവർഷം കൂടുമ്പോഴും നടപ്പാക്കേണ്ട ശമ്പള പരിഷ്ക്കരണം യു.ഡി.എഫ് സർക്കാർ ഒരിക്കലും കൃത്യമായി നടത്തിയിട്ടില്ല. കരാറുകാരുടെ കുടിശ്ശികയും ക്ഷേമപദ്ധതികൾക്കുള്ള കുടിശ്ശികയും 25 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയും അതുപോലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വൈദ്യുതി ഇളവിനുള്ള തുകയും നീക്കിവച്ചിരുന്നില്ല. ഈ സർക്കാർ തൊഴിലില്ലായ്മ പരിഹരിക്കാൻ ആവശ്യമായ നടപടികളുമായി മുന്നോട്ടു പോകുന്നു. തിരുവണ്ണൂർ കോട്ടൺ മിൽ, കെൽ തുടങ്ങി ഒട്ടേറെ വ്യവസായശാലകൾ തുറന്നു പ്രവർത്തിപ്പിക്കാൻ പോകുന്നു.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്):</u> ധനകാര്യ മേഖലയിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ടിനെതിരായ

നിലപാട് സ്വീകരിക്കുവാനാണ് ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. റവന്യൂ ഡെഫിസിറ്റ് ബില്ലിൽനിന്നും മാറ്റണമെന്നാണ് പ്ലാനിംഗ് കമ്മീഷന്റെ അഭിപ്രായം. റവന്യൂ ഡെഫിസിറ്റ് കുറച്ചു കഴിഞ്ഞാലും, ഫിസ്ക്കൽ ഡെഫിസിറ്റ് എന്നു പറയാതെ, വായ്പയെടുക്കാൻ അനുവദിക്കാമെന്നുള്ള സമീപനമാണ് കൈക്കൊള്ളുന്നത്. ഇത് കേന്ദ്ര സർക്കാരിന്റെ നയത്തിന് എതിരായ നിലപാടാണ്. കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളെ സംബന്ധിച്ച് കോൺസ്റ്റന്റായി ഒരു പൊസിഷൻ എടുക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നല്കണമെന്ന നിലപാട് കേരളത്തിൽ സ്വീകരിക്കുന്നുണ്ട്, എന്നാൽ കേന്ദ്രത്തിൽനിന്നും സംസ്ഥാന ങ്ങൾക്ക് അധികാരങ്ങൾ കൈമാറുന്ന പ്രവണതയില്ലാത്തതിനാൽ അതിനെതിരെ ശക്തമായ നിലപാടെടുക്കണം. യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ ധനകാര്യ കമ്മീഷന് മെമ്മോറാണ്ടം കൊടുത്തപ്പോൾ നിയമസഭ പാസ്സാക്കിയ ഫിസ്ക്കൽ റെസ്പോൺബിലിറ്റി ആക്ടിലെ ലക്ഷ്യം കൈവരി ക്കണമെങ്കിൽ കേന്ദ്രത്തിന്റെ നോൺ പ്ലാൻ റവന്യൂ ഗ്യാപ്പ് ഫിൽ ചെയ്യണം എന്ന് ആവശ്യപ്പെട്ടു. ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾക്ക് അനുസൃതമായി ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്ന സമീപനം സ്വീകരിക്കുന്നതാണ്. തത്വത്തിൽ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റിന്റെ ലക്ഷ്യം സമ്പദ്ഘടനയിലുള്ള സംസ്ഥാനത്തിന്റെ വിഹിതം കുറയ്ക്കുക എന്നുള്ള താണ്. ടാക്സ് മെഷേഴ്സിന്റെ കാര്യത്തിൽ ചർച്ച ചെയ്ത് യുക്തമായിട്ടുള്ള നിലപാട് സ്വീകരിക്കാം. 14 ശതമാനം പലിശയ്ക്കാണ് സംസ്ഥാനം കടമെടു ത്തിട്ടുള്ളത്. ജി.ഡി.പി. റേറ്റിനേക്കാൾ കൂടുതൽ പലിശ നിരക്ക് കടം വാങ്ങി യതിന് കൊടുക്കേണ്ടിവന്നാൽ ഡെറ്റ് അൺസസ്സ്റ്റെയിനബിൾ ആണ്.

'വാറ്റ്' ഇംപ്ലിമെന്റ് ചെയ്യുന്ന രീതിയെക്കുറിച്ച് ഏറെ വിമർശനങ്ങൾ വന്നിട്ടുണ്ട്. ഏകീകരണ നിരക്കിൽനിന്നും മാറി ഇതു മുഴുവൻ അട്ടിമറിക്കുന്നുവെന്നു പറയുന്നതിനോടൊപ്പം ചില ഐറ്റങ്ങൾക്ക് നികുതി കുറയ്ക്കണമെന്നും എക്സംപ്ഷൻ നല്കണമെന്നും പറയുന്നുണ്ട്. ഫ്ളോർ റേറ്റിൽനിന്നും മുകളിലോട്ടുള്ള ഡീവിയേഷൻ ആവാം. പക്ഷേ താഴോട്ടുള്ള ഡീവിയേഷൻ പാടില്ല. ടാക്സിന്റെ നിരക്ക് ഉയർത്തിയാൽ ട്രേഡ് ഡൈവർഷൻ അഡീഷണൽ റവന്യൂവിനേക്കാൾ കൂടുതൽ വരും. കെ.ജി.എസ്.ടി.യുടെ ധാരാളം അസസ്സ്മെന്റ് തീർക്കാനുണ്ട്. ഒരു ലക്ഷത്തോളം കേസുകൾ ഡീംഡ് അസസ്സ്മെന്റ് കേസാക്കി അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. സംസ്ഥാന വില്പന നികുതി നിയമപ്രകാരം വ്യാപാരികൾ നൽകിയ റിട്ടേണുകളിൽ കെട്ടിക്കിടക്കുന്നവ പരിശോധിച്ചതായി കണക്കാക്കി കേസ്സുകൾ അവസാനിപ്പിക്കുന്നതാണ്. ഡിപ്പാർട്ടുമെന്റിലെ പകുതി ഉദ്യോഗസ്ഥരും ഇപ്പോൾ റിട്ടേൺ പരിശോധനയ്ക്ക് നിയോഗിക്കപ്പെട്ടിരിക്കുന്നതിനാൽ 'വാറ്റ്' സംബന്ധിച്ച് കാര്യങ്ങളൊന്നും നടക്കുന്നില്ല. രണ്ട് ലക്ഷത്തിലേറെ റിട്ടേണുകളിൽ 1,17,000 എണ്ണവും ചെറുകിടക്കാരുടേതാണ്. 94,000 എണ്ണം റീ-അസ്സസ്മെന്റ് സംബന്ധിച്ചവയാണ്. ഇതിൽ 16,000 എണ്ണം പരിശോധിച്ചപ്പോൾ 1.78 കോടി രൂപ കിട്ടാനുള്ളിടത്ത് 28 ലക്ഷം രൂപ മാത്രമേ കിട്ടിയിട്ടുള്ളു. അതിനാൽ കൂടുതലെന്തെങ്കിലും വിവരം അറിയിക്കാനുണ്ടെങ്കിൽ 6 മാസത്തിനുള്ളിൽ അറിയിക്കണമെന്ന നിബന്ധനയോടെ ഇവയുടെ പരിശോധന ഉപേക്ഷിക്കുന്നതാണ്. അടുത്ത 5 വർഷത്തിനുള്ളിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ ഈ കേസുകൾ വീണ്ടും തുറക്കാനും

അഞ്ചിരട്ടി പിഴ ഈടാക്കാനും വ്യവസ്ഥ ചെയ്യുന്നതാണ്. ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നല്കുന്നതിനെക്കുറിച്ച് വിമർശനങ്ങൾ വന്നിട്ടുണ്ട്. ചട്ടങ്ങൾ പാസ്സാക്കുന്നതുമുതൽ വാലിഡിറ്റിയുണ്ട്. ആക്ടിന്റെ അടിസ്ഥാന ത്തിൽ മാത്രമേ ചട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയുള്ളു. ആഡംബര നികുതിയിൽ 75 രൂപ പ്രതിമാസ വാടകയുള്ള മുറികളെ നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. 150 രൂപ വരെ എക്സംപ്ഷൻ നല്കി ടെലി സ്ക്കോപ്പിന്റെ കാര്യം അംഗീകരിച്ചിട്ടുണ്ട്. കേബിൾ ടി.വി.ക്ക് ഏർപ്പെടുത്തിയ 5 രൂപ നികുതി ഓപ്പറേറ്റർമാരാണ് നൽകേണ്ടത്. പക്ഷേ മൂലനിയമത്തിൽ പ്രൊപ്രൈറ്റർമാരാണ് നല്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് കൃത്യമായി ക്ലാരിഫിക്കേഷൻ നല്കുന്നതാണ്. ഇത് എന്റർടെയ്ൻമെന്റ് ടാക്സ് ആയതിനാൽ സിനിമാ ഹാളിൽനിന്നുമുള്ള വരുമാനം കുറയുന്ന പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. ഹോട്ടൽ മുറികളുടെ നികുതി നിശ്ചയിക്കുമ്പോൾ ഭക്ഷണം, മദ്യം, പാനീയങ്ങൾ എന്നിവ ഒഴികെയുള്ളവ എല്ലാം മുറി വാടകയായി കണക്കാക്കുന്നതാണ്. ഫുഡ്, ലിക്കർ, ബിവറേജസ് ഇവ മൂന്നും ഒഴിച്ച് ബാക്കിയെല്ലാം റൂം റെന്റിൽ ഉൾപ്പെടുത്താമെന്നുപറയുന്നത് നികുതി വെട്ടിപ്പ് ഒഴിവാക്കാൻവേണ്ടിയാണ്. കാരണം ഇവയ്ക്ക് ഹോട്ടലിൽ വേറെ നികുതി ചുമത്തുന്നുണ്ട്. നികുതിക്കു മേൽ നികുതി അവിടെ വേണ്ട എന്നുള്ളതുകൊണ്ടാണ് അങ്ങനെ തീരുമാനിച്ചത്. ചെറുകിട സ്ഥാപനങ്ങളെ സംബന്ധിച്ച് പല അംഗങ്ങളും നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. സോഫ്റ്റ് വുഡ് വ്യവസായ ആവശ്യത്തിനു വേണ്ടി ഉപയോഗിക്കുകയാണെങ്കിൽ ആ തടി വാങ്ങിയപ്പോൾ കൊടുത്ത നികുതി സെറ്റ് ഓഫ് ആയി കിട്ടും. ചെറുകിട വ്യവസായങ്ങൾക്ക് ടാക്സ് എക്സംപ്ഷൻ കൊടുക്കുകയാണെങ്കിൽ അവർ വാങ്ങിയ അസംസ്കൃത

വസ്തുക്കളുടെ ഇൻപുട്ട് ക്രെഡിറ്റ് അവർക്ക് കിട്ടുകയില്ല. ഇവ എക്സംപ്റ്റഡ് ആയതുകൊണ്ട് ഡീലർ ഇവരുടെ കൈയിൽനിന്നും വാങ്ങുകയില്ല; ഖാദി ഉൽപ്പന്നങ്ങളുടെ നികുതി സംബന്ധിച്ച് സമവായം ഉണ്ടാക്കാം. ഖാദി, തടി തുടങ്ങിയ ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാം. മോസ്കിറ്റോ റിപ്പെല്ലന്റ്സിന്റെ കാര്യത്തിലുള്ള ഡീവിയേഷൻസ് കറക്ട് ചെയ്യാൻ എംപവേർഡ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. 'വാറ്റ്'-ന്റെ കോമ്പൻസേഷൻ സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കാം. ചർച്ചയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ ബിൽ കൂടുതൽ കുറ്റമറ്റതാക്കി മാറ്റാൻ എല്ലാവരും സഹകരിക്കണം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

<u>ശ്രീ.തോമസ് ചാഴികാടൻ</u>: 106, 122 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി.ഡി. സതീശൻ</u>: 110-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. വേണുഗോപാൽ:</u> 130-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u>: ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3–ാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(201) In sub section(2) of section 1 of the Bill the word 'Section 6' shall be substituted as 'Section 5'.

(202) In the Kerala Tax on Luxuries Act,1976

(i) "(b) in claluse (f), for the words "the rate of charges of which, of exclusive of charges for food, drink, and telephone calls, is seventy five rupees per day or more", the words " the rate of charges of accommodation for residence and other amenities and service provided excluding charges of food and liquor is one hundred and fifty rupees per day or more"shall be substituted”.

(ii) item (b) of sub-clause (ii) of the bill for item (d) of sub-section (2) of section 4 of the following shall be substituted, namely:-

(d) In respect of a cable TV operator at the rate of rupees five per connection per month, and shall be collectable from the person enjoying the luxury.

(iii) in the first proviso the word "further" shall be omitted'.

(iv) in the second proviso, the word "also" shall be substituted with the word " further".

(v) in the sub-section (2A) in the explanation to sub-section (2A) of section 4, for the words "more than one facility" the words "more than two facilities " shall be substituted.

(vi) In sub-section(7) of Section 5A for the words "or house boats" the words "any addition to the house boats" shall be substituted.

ശ്രീ. കെ.സി. വേണുഗോപാൽ : 138, 173 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: 140, 171 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: 143, 151, 165 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.എം.മുരളി: 145, 177 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 148, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 153, 158, 164 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 156-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): എന്റെ ഭേദഗതികൾ അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 201, 202 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4–ാം വകുപ്പ്

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5–ാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

203.In The Kerala Value Added Tax Act, 2003.

(1) Item © against Sl. No. 3 of section 6(1) (a)

shall be substituted, namely:-

"©. (i) Paint other than cement paints, enamel, polishes, students water colour and artist paint"

(ii) lacquers

(2) (aa) After the proviso and explanations to clause (a) of section 8 of the Principal Act, the following provisos

shall be inserted, namely:-

Provided further that notwithstanding anything contained elsewhere in the Act a works contractor who

intent to pay tax at compounded rate in accordance with clause (a) in respect of all the works undertaken by him during a year, may instead of filing separate application for compounding for individual works may file a single option for payment of tax under the said clause before 30th April, of the year to which the option relates subject to eligibility.

Provided also that the application for compounding in accordance with the above proviso for the year 2006-07 shall be filed before 30th November, 2006.

Provided also that in case of any work covered under the above provisos which remains unexecuted or part of which remains to be executed at the end of the year, the contractor shall continue to pay tax in respect of such works in accordance with the provisions of clause (a) of the section.

(3) Section 47 (2) shall be substituted as follows:-

"(2). Notwithstanding anything contained in section 3 of the Act, or in Kerala Panchayat Raj Act, 1994 (13 of 1994) where there is reason to believe that a goods- laden vehicle has by-passed the check post and entered in the State, it shall be lawful for an elected member or an officer authorized by resolution by a grama panchayat touching the border of the State, through which the vehicle is passing, to stop the vehicle for ascertaining whether the vehicle has passed through a check post, an on so doing, the driver or the person in charge of the vehicle shall stop the vehicle, and if it is found that the vehicle has not passed through a check post, they shall inform the commercial tax authorities having jurisdiction over the area to pursue further action under the Act and no suit, prosecution or other proceedings shall lie against any such person for anything done or purporting to be done in goodfaith-under this sub-section".

(4) In sub-section (1) of section 70A, of the Act,

after the words “checking of goods under transport” the words “ or verification of the bills” shall be inserted,

In the third schedule,-

(5) in clause © in sub-clause (va) the for the figures “1513.21.00” the figures “1513.21.10 shall be substituted.

(6) in clause (C) for sub-clause (xvi A) the following

shall be substituted namely:-

“(xvi A) for serial number 87, and the entries against it the following serial number and entries shall be substituted,

namely:-

“(87). Footwear all kind whose MRP does not exceed Rs. 200/- and its MRP is embossed on the sole of the footwear”.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 183, 184, 197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 185–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : 188–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : 193, 199, 200 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു. ശ്രീ. എം. മുരളി അവതരിപ്പിച്ച In section 46(3)(d) of the Kerala Value Added Tax Act 2003, proposed to be amended by clause 5(13)(a) substitute the words "enters or leaves" for

"entries on leaves" എന്ന 193–ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 203–ാം നമ്പർ ഭേദഗതിയും ശ്രീ. എം. മുരളി അവതരിപ്പിച്ച 193–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6–ാം വകുപ്പ്

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1–ാം വകുപ്പും പീഠികയും പേരും

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2006–ലെ കേരള ധനകാര്യബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ബില്ലിന്റെ വകുപ്പു തിരിച്ചുള്ള ചർച്ചാവേളയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ നല്ല പങ്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ട്. ഈ സഭയിൽ ഉയർന്നുവന്നിട്ടുള്ള വികാരങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കും. ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനം പറഞ്ഞിട്ടുള്ള നികുതി പിരിവ് പ്രായോഗികമാക്കുന്നതിന് തീരുമാനമെടുക്കും.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം 31-നെതിരെ 64 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപങ്ങൾ**

(1) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി ഒരു സമിതിയെ നിയോഗിക്കേണ്ടതു സംബന്ധിച്ച് സഭ ചർച്ച ചെയ്യണമെന്ന ഉപക്ഷേപം

ശ്രീ. ജി. കാർത്തികേയൻ: "റോഡപകടങ്ങൾ മൂലം മരണമടയുന്ന വരുടേയും അംഗവൈകല്യം സംഭവിക്കുന്നവരുടേയും എണ്ണത്തിൽ കേരളം മുൻപന്തിയിലാണ്. ദിനംതോറും വർദ്ധിച്ചുവരുന്ന ഇത്തരം അതീവ ഗുരുതര മായ അപകടങ്ങളുടെ കാരണങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കേണ്ടതിന്റെയും പ്രസ്തുത സമിതിയുടെ ശുപാർശകൾ നടപ്പിലാക്കേണ്ടതിന്റെയും ആവശ്യകത ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു. ഈ സഭയിലെ അംഗങ്ങൾക്ക് പൂർണ്ണബോധ്യമുള്ളതും നമ്മുടെ സജീവ പരിഗണനയിൽ വരേണ്ടതുമായ ഒരു വിഷയമാണ് ചർച്ച ചെയ്യാൻ

പോകുന്നത്. വ്യക്തിയുടേയും സമൂഹത്തിന്റേയും ജീവിത രീതിയും യാത്രയുടെ സ്വഭാവവുമെല്ലാം മാറിക്കൊണ്ടിരിക്കുന്നു. റോഡപകടങ്ങൾ കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കൂട്ട മരണവും ദിനംപ്രതി റോഡിൽ നടക്കുന്നു. കൂട്ട മരണം നടക്കുമ്പോഴും അപകടങ്ങൾ മൂലം അംഗവൈകല്യം സംഭവിക്കുമ്പോഴുമെല്ലാം അവരുടെ കുടുംബങ്ങൾക്ക് സാമ്പത്തികസഹായം ചെയ്യുന്നത് നല്ല കാര്യങ്ങളാണ്. നാട്പാക്കിന്റെ പഠനപ്രകാരം ലോകത്തെ റോഡപകടങ്ങളിൽ മരിക്കുന്നവരിൽ 10 ശതമാനവും ഇൻഡ്യാക്കാരാണ്. അതിൽ മുൻപന്തിയിലാണ് കേരളം. പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ 40 ശതമാനവും റോഡപകടങ്ങളുമായി ബന്ധപ്പെട്ടാണ്. ദിനംപ്രതി ശരാശരി 112 റോഡപകടങ്ങൾ കേരളത്തിൽ നടക്കുന്നു. ശരാശരി 150 പേർക്ക് പരിക്കേൽക്കുന്നു. ഇവയ്ക്കൊക്കെ പരിഹാരം കാണേണ്ടതായുണ്ട്. വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളുടെ സംയോജിത പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയൂ. റോഡ്, ട്രാൻസ്പോർട്ട്, പോലീസ്, വാഹനം ഓടിക്കുന്നവർ ഇവയൊക്കെ പ്രധാന ഘടകങ്ങളാണ്. പൊതുവായിട്ടുള്ള ഒരു ശ്രമത്തിൽക്കൂടി മാത്രമേ അപകടങ്ങളിൽനിന്നും കേരളത്തെ രക്ഷിക്കാൻ കഴിയൂ. വാഹനങ്ങളുടെ എണ്ണം കേരളത്തിൽ കൂടുന്നതിനനുസരിച്ച് റോഡുകളുടെ സൗകര്യം വർദ്ധിക്കുന്നില്ല. വാഹനങ്ങളുടെ പതിവ് ചെക്കിംഗ് നടക്കുന്നില്ല.. വണ്ടിയോടിക്കുന്നവരുടെ കാഴ്ചശക്തിയുൾപ്പെടെയുള്ള കാര്യങ്ങൾ കൃത്യമായി പരിശോധിക്കുന്നില്ല. മദ്യപിച്ചും മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ടുമുള്ള ഡ്രൈവിംഗ് തടയണം. കാൽനടയാത്രയ്ക്കിടെ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതും നിയന്ത്രിക്കണം. റോഡിലൂടെ ഓടുന്ന വാഹനങ്ങളുടെ സ്പീഡ് ലിമിറ്റ് ചെയ്യണം. പാർക്കിംഗ് സൗകര്യമുള്ള കച്ചവട കേന്ദ്രങ്ങൾക്കും ഓഡിറ്റോ

റിയങ്ങൾക്കും മാത്രമേ ലൈസൻസ് കൊടുക്കാവൂ എന്ന നിബന്ധന കൊണ്ടുവരണം. റോഡിന്റെ ഇരുവശങ്ങളിലും വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് നിയന്ത്രിക്കണം. നിലവിലുള്ള ഗതാഗത നിയമം എൻഫോഴ്സ് ചെയ്യാൻ കഴിയണം. പോലീസ്, ഗതാഗതം, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് റോഡപകടങ്ങൾ നിയന്ത്രിക്കാൻ ശാശ്വത പരിഹാരമുണ്ടാക്കണം.

ശ്രീ.കെ.കെ.ദിവാകരൻ: അപകടങ്ങളുടെ കാര്യത്തിൽ കേരളം അഖിലേന്ത്യാ ശരാശരിയിൽ രണ്ടുമടങ്ങ് കൂടുതലാണ്. നിലവിലുള്ള റോഡ് സേഫ്ടി അതോറിറ്റി ബില്ലിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിയണം. ട്രാഫിക്ക് നിയമത്തിലെ അപാകതകളും റോഡുകളുടെ ശോച്യാവസ്ഥയും പരിഹരിക്കണം. കാൽ നടയാത്രക്കാരുടെ ഭാഗത്തുനിന്നുള്ള അലംഭാവം, റാഷ് ഡ്രൈവിംഗ്, ഡ്രൈവർമാരുടെ കാഴ്ചശക്തിക്കുറവ്, ഇടറോഡുകളിൽ നിന്ന് മെയിൻ റോഡിലേയ്ക്ക് അമിതവേഗത്തിൽ പ്രവേശിക്കുക, ജങ്ഷനുകളിൽ ട്രാഫിക് നിയന്ത്രിക്കുന്നതിന് ആളില്ലാത്ത അവസ്ഥ, ട്രാഫിക് നിയമങ്ങളോടുള്ള അവഗണന, റോഡ്വക്കിൽ അലക്ഷ്യമായി വാഹനങ്ങൾ പാർക്ക് ചെയ്യുക, പ്രധാന ജംഗ്ഷനുകളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക, കാൽ നടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കാൻ മാർക്ക് ചെയ്യാത്ത അവസ്ഥ, റോഡുകളുടെ മേൽ കൈയേറ്റം നടത്തുക, കൺസ്ട്രക്ഷൻ മെറ്റീരിയൽസ് റോഡുവക്കിൽ കൂട്ടിയിടുക എന്നിവ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. കമ്മിഷൻ വ്യവസ്ഥയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മോട്ടോർ ട്രാൻസ്പോർട്ട് ആക്ട് ബാധകമാക്കണം. ഡ്രൈവിംഗ് ഹാബിറ്റിൽ വ്യത്യാസം വരുത്തുന്നതിലൂടെ ഒരു പരിധിവരെ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് കഴിയുന്നതാണ്. ഐ.ടി.ഐ.കളിൽ ഡ്രൈവിംഗ് ഒരു പ്രധാനപ്പെട്ട

വിഷയമായി പഠിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടാകണം. രാത്രി വാഹനങ്ങളോടിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ നിർബന്ധമാക്കണം. വാഹനങ്ങളുടെ പെരുപ്പം കുറയ്ക്കുന്നതിന് പബ്ളിക് ട്രാൻസ്പോർട്ട് സിസ്റ്റം ശക്തിപ്പെടുത്തണം. പ്രധാനപ്പെട്ട ജങ്ഷനുകളിൽ ബസ് ബേ നിർമ്മിക്കുകയും ബൈപ്പാസ് റോഡുകളുടെ പണി പൂർത്തീകരിക്കുകയും വേണം. എല്ലാ ഭാഗത്തും ബസ്സ് ബേ നിർമ്മിക്കുന്നതിന് ബഡ്ജറ്റ് പ്രൊവിഷൻ വർദ്ധിപ്പിക്കണം. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് നടപ്പാക്കണം. തൊഴിലാളികൾക്ക് ആവശ്യമായ വിശ്രമം കൊടുക്കണം. തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഗണിച്ച് സോഷ്യൽ സെക്യൂരിറ്റി വർദ്ധിപ്പിക്കണം.

<u>ശ്രീ.പി.കെ.അബ്ദുറബ്ബ്:</u> ഉപക്ഷേപത്തെ അനുകൂലിക്കുന്നു. റോഡപകട നിരക്കിന്റെയും വാഹനങ്ങളുടെ എണ്ണത്തിന്റെയും കാര്യത്തിൽ കേരളം മുമ്പിലാണ്. റോഡുകളുടെ കൈയേറ്റം, അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ റോഡപകടങ്ങൾ വർദ്ധിപ്പിക്കുന്നു. ദിനംപ്രതി ശരാശരി 112 അപകടങ്ങൾ കേരളത്തിലുണ്ടാകുന്നുവെന്ന് നാട്പാക് കണ്ടെത്തിയിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കണം. ഡ്രൈവർമാരുടെ അശ്രദ്ധ, മൊബൈൽ ഫോൺ ഉപയോഗിച്ച് വാഹനമോടിക്കൽ, മറ്റ് വാഹനങ്ങളെ പരിഗണിക്കാതിരിക്കുക, മോശമായ റോഡ്, കാൽനട യാത്രക്കാരുടെ അശ്രദ്ധ, നിയമങ്ങളോടുള്ള അവഗണന, ഓവർടേക്ക്, ഓവർ സ്പീഡ്, അശാസ്ത്രീയമായ റോഡ് നിർമ്മാണം എന്നിവ അപകടത്തിന് ആക്കം കൂട്ടുന്നു. നിയമം കർശനമായി നടപ്പിലാക്കുന്നതിന് പോലീസ് സംവിധാനം മെച്ചപ്പെടുത്തണം. റോഡ് സുരക്ഷയും ശരിയായ ഡ്രൈവിംഗും

ജനങ്ങളുടെ ചിന്താവിഷയമാക്കി മാറ്റാൻ ഉതകുന്ന ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. റോഡ്, വാഹനം, ഡ്രൈവർ എന്നീ മൂന്ന് ഘടകങ്ങളെ ഏകോപിപ്പിച്ച് ട്രാഫിക് കൾച്ചർ ഉണ്ടാക്കണം. ഗുരുതരമായ അപകടങ്ങളുണ്ടാക്കുന്നവർക്കും മദ്യപിച്ച് വാഹനമോടിക്കുന്ന വർക്കും എതിരെ ജാമ്യമില്ലാകുറ്റത്തിന് കേസ്സെടുക്കാൻ മോട്ടോർ വെഹിക്കിൾ നിയമത്തിൽ ഭേദഗതി കൊണ്ടുവരണം. അപകടത്തിൽ പ്പെടുന്നവർക്ക് ഉടൻ ചികിൽസ ലഭ്യമാക്കാൻ ഹൈവേ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തണം. എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ച് സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരാൻ ഗവണ്മെന്റ് മുന്നോട്ടുവരണം.

<u>ശ്രീ.ബാബുപോൾ:</u> കാലികപ്രസക്തമായ വിഷയമാണ് പ്രമേയത്തിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. റോഡപകടങ്ങളുടെ പട്ടികയിൽ ഇന്ത്യയിൽ കേരളത്തിന് മൂന്നാം സ്ഥാനമാണുള്ളത്. ഇരുചക്രവാഹന അപകടങ്ങളാണ് അധികവും ഉണ്ടാകുന്നത്. കേരളത്തിലെ റോഡപകട നിരക്ക് ദേശീയ നിരക്കിന്റെ ഇരട്ടിയാണ്. വാഹനങ്ങളുടെ നിർമ്മാണത്തിൽ വളർച്ചയുണ്ടായ തിനനുസരിച്ച് റോഡുകൾക്ക് ഗുണപരമായ വ്യതിയാനങ്ങൾ ഉണ്ടാകണം. പൊതു ഗതാഗത സംവിധാനം കാര്യക്ഷമമാക്കണം. ലൈസൻസ് നേടാൻ യോഗ്യതയില്ലാത്തവർ വാഹനമോടിക്കുക, ഹെൽമറ്റ് ധരിക്കുന്നതിൽ വൈമനസ്യം കാണിക്കുക, അമിതവേഗതയിലും ശരിയായ വിധത്തിലല്ലാ തെയും വാഹനമോടിക്കുക എന്നിവ അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നു. പരിമിതമായ റോഡ് സൗകര്യം, പാതയോര കച്ചവടം, അശാസ്ത്രീയമായി രൂപകൽപ്പനചെയ്യപ്പെട്ട കവലകൾ, ട്രാഫിക് സിഗ്നൽ, ലൈറ്റിംഗ് തുടങ്ങിയവയുടെ അപര്യാപ്തത, നിലവാരമില്ലാത്ത ട്രാഫിക്, ഡ്രൈവർ

മാരുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ, മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് എന്നിവയും അപകടകാരണങ്ങളാകുന്നു. വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റും സ്വകാര്യ ഡ്രൈവിംഗ് സ്കൂൾ അധികാരികളും ചേർന്ന് പരിശീലനമില്ലാത്തവർക്ക് ലൈസൻസ് കൊടുക്കുന്നത് നിയന്ത്രിക്കണം. വാഹനമോടിക്കുന്നവരും കാൽനടക്കാരും ജാഗ്രതപാലിക്കുകയും റോഡ് സുരക്ഷ സംബന്ധിച്ച് സമഗ്രമായി അന്വേഷണം നടത്തി പരിഹാരം നിർദ്ദേശിക്കുന്നതിന് ഗവണ്മെന്റ് നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. ജോസ് തെറ്റയിൽ: ഇന്ത്യയിൽ ഏറ്റവും കൂടുതൽ അപകടമുണ്ടാകുന്നത് കേരളത്തിലാണ്. വാഹന അപകടങ്ങളിൽ ഗുഡ്സ് വെഹിക്കിളും പ്രധാന പങ്കുവഹിക്കുന്നു. യുവാക്കളാണ് അധികവും വാഹന അപകടത്തിന് ഇരയാകുന്നത്. ട്രാഫിക് നിയമങ്ങൾ ശരിയായി പാലിക്കപ്പെടണം. ട്രാൻസ്പോർട്ട്, പോലീസ് വകുപ്പുകളുടെ അനാസ്ഥ അവസാനിപ്പിക്കണം. മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ്, വാഹന നിയമങ്ങളോടുള്ള അവഗണന, അശാസ്ത്രീയമായ റോഡ് നിർമ്മാണം, റോഡുകളുടെ ശോച്യാവസ്ഥ, റോഡുകളിലേയ്ക്കുള്ള കടന്നുകയറ്റം, അമിത വേഗത എന്നിവ റോഡപകടങ്ങൾ വർദ്ധിപ്പിക്കുന്നു. നിയമം എൻഫോഴ്സ് ചെയ്യുകയും അർഹതയുള്ളവർക്കുമാത്രം ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുകയും ചെയ്യുന്നതിലൂടെ റോഡപകട നിരക്ക് കുറയ്ക്കാൻ സാധിക്കും. അപകടത്തിൽ പരുക്കേറ്റവർക്ക് ചികിൽസാ സഹായവും മരിക്കുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരവും കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റും ഇൻഷ്വറൻസ് കമ്പനികളും കോടതികളും കാണിക്കുന്ന കുറ്റകരമായ അനാസ്ഥ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: പ്രമേയത്തെ സ്വാഗതം ചെയ്യുന്നു. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനത്തിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകണം. സ്ട്രാറ്റജിക്കലി ഇംപോർട്ടന്റായ റോഡുകൾ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഒരു പ്രധാനപ്പെട്ട കാര്യമാണ്. മെച്ചപ്പെട്ട റോഡുകൾ ഉണ്ടാക്കുന്നതോടൊപ്പം നിലവിലുള്ള റോഡുകൾ സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കണം. വാഹനങ്ങൾ വർദ്ധിച്ചു വരുന്നതിനനുസരിച്ച് റോഡുകളുടെ വ്യാപ്തി വർദ്ധിക്കാത്തതാണ് റോഡപകടങ്ങൾ പെരുകുന്നതിനുള്ള പ്രധാന കാരണം. കേരളത്തിലെ ട്രാഫിക് സംവിധാനം പരിഷ്ക്കരിക്കാനും ദേശീയ പാതകൾ ആറു വരി പാതകളുടെ നിലവാരത്തിൽ കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിക്കണം. സ്മാർട്ട് സിറ്റി, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി എന്നിവ പ്രാവർത്തികമാകുന്നതോടുകൂടി വർദ്ധിക്കുന്ന വാഹന ഗതാഗതം കണക്കിലെടുത്ത് മെച്ചപ്പെട്ട റോഡുകളും പുതിയ ബൈപ്പാസ്സുകളും ഫ്ളൈ ഓവറുകളും നിർമ്മിക്കാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടൊപ്പം നിലവിലുള്ള റോഡുകളുടെ വളവുകൾ നികത്താനുള്ള നടപടികളും സ്വീകരിക്കണം. സൈൻ ബോർഡുകൾ, റോഡ് സിഗ്നലുകൾ, ബസ്സ് ബേ തുടങ്ങിയവ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണം. റോഡിന്റെ ഇരുവശങ്ങളിലും ഈടു നിൽക്കുന്ന വിവിധ തരത്തിലുള്ള ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കാലാവസ്ഥയ്ക്കനുസരിച്ചുള്ള റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിക്കുകയും ഗുണപരമായ

രീതിയിൽ റോഡുകൾ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

<u>പ്രൊഫ. എൻ. ജയരാജ്:</u> വിദഗ്ദ്ധ സമിതിയാണോ റോഡ് സേഫ്റ്റി കൗൺസിലാണോ റോഡ് സുരക്ഷ നടപ്പാക്കേണ്ടത് എന്നുള്ള കാര്യത്തിൽ സമാനമായ ചിന്താഗതിയുണ്ടാകണം. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട് മെന്റ് വാഹനത്തിന് ടാക്സ് ഈടാക്കുന്നതോടൊപ്പം ആ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് നല്ല റോഡുകൾ നിർമ്മിച്ചുകൊടുക്കാനുള്ള നടപടികളും ഉണ്ടാകേണ്ടതാണ്. പഴക്കം ചെന്ന വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിന്റെ നടപടി കുറ്റമറ്റതാക്കണം. വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ നീക്കം ചെയ്യാനും മദ്യപിച്ച് വാഹനമോടിക്കുന്നവരെ ശിക്ഷിക്കാനും ആർജ്ജവം കാണിക്കണം. ട്രാഫിക് അവയർനസ് കുട്ടികളിൽ വളർത്തിയെടുക്കുന്നതിനായി നഴ്സറി തലം മുതൽ ട്രാഫിക് നിയമം കരിക്കുലത്തിന്റെ ഭാഗമാക്കുകയും ട്രാഫിക് ചട്ടങ്ങളും നിയമങ്ങളും ജനങ്ങളെ ബോധ്യപ്പെടുത്താനായി ത്രിതല പഞ്ചായത്തുകളുൾപ്പെടെയുള്ളവ യുടെ കൂട്ടായ പരിശ്രമത്തിനായുള്ള നടപടികൾ സ്വീകരിക്കുകയും വേണം. റോഡ് സുരക്ഷാ അതോറിറ്റികൾ നിലവിൽ വരുമ്പോൾ അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ നടപ്പാക്കാനുള്ള ആർജ്ജവം കാണിക്കണം. റോഡ് സുരക്ഷയുടെ ഭാഗമായി വിദഗ്ദ്ധ സമിതിയെ നിയമിച്ച് ഗൗരവമായ പഠനം ഇക്കാര്യത്തിൽ ഉണ്ടാകണം.

<u>ശ്രീ. എ.എ. അസീസ്:</u> പ്രമേയത്തിന്റെ ഉള്ളടക്കത്തോട് യോജിക്കുന്നു. വാഹനാപകടങ്ങൾ പെരുകുന്ന സാഹചര്യത്തിൽ ഒരു റോഡ് സേഫ്റ്റി നിയമം ഉണ്ടാകേണ്ടത് ആവശ്യമാണ്. സ്വകാര്യ വാഹനങ്ങളുടെ

മൽസരയോട്ടം ധാരാളം അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്ന സാഹചര്യത്തിൽ വാഹനങ്ങൾക്ക് പെർമിറ്റ് കൊടുക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തണം. അശാസ്ത്രീയമായ നിലയിൽ റോഡുകളിൽ ഡിവൈഡറുകൾ സ്ഥാപിക്കുന്നത് ഒഴിവാക്കുന്നതോടൊപ്പം മദ്യപിച്ച് വാഹനമോടിക്കുന്നതും മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ടുള്ള ഡ്രൈവിംഗും നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കണം. റോഡ് സേഫ്റ്റി നിയമം നടപ്പാക്കുമ്പോൾ പോലീസ്, പി.ഡബ്ളിയു.ഡി, ഗതാഗതം, പൊതുജനാരോഗ്യം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> റോഡുകളുടെ ശോച്യാവസ്ഥയും വാഹനങ്ങളുടെ മൽസരയോട്ടവും റോഡപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളാണ്. ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്നതോടൊപ്പം ശാരീരികക്ഷമത സംബന്ധിച്ച പരിശോധനയും നടത്താൻ നടപടികൾ സ്വീകരിക്കണം. അപകടത്തിൽപ്പെടുന്ന ആളുകൾക്ക് കഴിയുന്നത്ര വേഗം ചികിൽസ ലഭ്യമാക്കുന്നതിനായി നാഷണൽ ഹൈവേകളിൽ ആംബുലൻസ് സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം. അപകടമുണ്ടാകുമ്പോൾ ഡ്രൈവർക്കും കൂടെ സഞ്ചരിക്കുന്ന ആളുകൾക്കും അടിയന്തിരമായി ചികിൽസ ലഭ്യമാക്കുന്നതോടൊപ്പം ഒരേ സ്ഥലത്തു തന്നെ ചികിൽസ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിക്കുന്നവരുടെ സുരക്ഷിതത്വത്തിനായി ഹെൽമെറ്റ് ഉപയോഗിക്കുന്നതിന് അവബോധം സൃഷ്ടിക്കണം. നിയമ വിരുദ്ധമായി ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുന്ന ഡ്രൈവിംഗ് സ്ക്കൂളുകളെ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. നഗരങ്ങളിലും ഗ്രാമങ്ങളിലും

റോഡുകളിൽ പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തണം. റോഡ് സേഫ്റ്റി അതോറിറ്റി ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിക്കുന്ന സമഗ്രമായ ഒരു ബിൽ പാസ്സാക്കി പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ.സി.എച്ച്.കുഞ്ഞമ്പു: സംസ്ഥാനത്ത് വാഹനങ്ങളും വാഹനാപകടങ്ങളും പെരുകിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, വാഹന ബാഹുല്യവും റോഡിന്റെ ശോചനീയാവസ്ഥയും ട്രാഫിക് നിയമങ്ങളുടെ ലംഘനവും കണക്കിലെടുത്ത് ട്രാഫിക് കൾച്ചർ ഡെവലപ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഡ്രൈവർമാരിലും വഴിയാത്രക്കാരിലും ട്രാഫിക് നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കണം. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിലും ഡ്രൈവിംഗ് സ്ക്കൂളുകളിലും നടക്കുന്ന അഴിമതികൾ അവസാനിപ്പിക്കണം. അമിതവേഗത നിയന്ത്രിക്കുന്നതോടൊപ്പം കൂടുതൽ അപകടങ്ങളിൽപ്പെടുന്ന ഹെവി വെഹിക്കിൾസിൽ സ്പീഡ് ഗവർണർ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം. മോട്ടോർ വെഹിക്കിൾസ് ആക്ടിലെ വ്യവസ്ഥകൾ പാലിക്കാതെ ടിപ്പർ ലോറികൾക്ക് പെർമിറ്റ് കൊടുക്കുന്നത് നിയന്ത്രിക്കണം. അമിതവേഗത നിയന്ത്രിക്കുന്നതിനായി സ്പീഡ് റഡാർ സ്ഥാപിക്കുന്നതോടൊപ്പം ട്രാഫിക് പോലീസ് സ്റ്റേഷനുകളുടെ എണ്ണവും ട്രാഫിക് കോൺസ്റ്റബിൾമാരുടെ എണ്ണവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരെ കർശനമായി ശിക്ഷിക്കണം. ടൂ വീലർ ഓടിക്കുന്നവർക്ക് ഹെൽമെറ്റ് നിർബന്ധമാക്കാനുള്ള നടപടി സ്വീകരിക്കണം. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്താനുള്ള സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം മദ്യപിച്ച് വാഹനമോടിക്കുന്നവർക്ക് നിലവിലുള്ള ശിക്ഷ വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കണം. റോഡുകളുടെ

ശോച്യാവസ്ഥയും അശാസ്ത്രീയമായ റോഡ് നിർമ്മാണവും അപകട ങ്ങൾക്ക് കാരണമാകുന്നതിനാൽ റോഡ് നിർമ്മാണത്തിന് ആധുനിക ടെക്നോളജി ഉപയോഗിക്കണം. ട്രാഫിക് കൾച്ചർ ഡെവലപ് ചെയ്യുന്ന തിനായി പാഠ്യ വിഷയങ്ങളിൽ ട്രാഫിക് നിയമം സംബന്ധിച്ച പാഠങ്ങൾ ഉൾപ്പെടുത്തുകയും ശക്തമായ അവയർനസ് ഉണ്ടാക്കുകയും പൊതുജന ങ്ങൾക്ക് ട്രാഫിക് നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനുമുളള നടപടികൾ സ്വീകരിക്കുകയും വേണം. അപകടങ്ങൾ സൃഷ്ടിക്കുന്ന വർക്കുളള ശിക്ഷ കർശനമാക്കണം. അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി റോഡ് സേഫ്റ്റി അതോറിറ്റി ബിൽ കൊണ്ടുവരണം.

ശ്രീ.സി.പി.മുഹമ്മദ്: റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കു മെന്നുളള ഉറപ്പുകളല്ലാതെ അവയൊന്നും പാലിക്കപ്പെടുന്നില്ല. ഇതിനൊരു നിർബന്ധിതമായ പദ്ധതി ആവശ്യമാണ്. അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട കാര്യത്തിൽ മരാമത്ത്, ഗതാഗതം, ആഭ്യന്തരം എന്നീ വകുപ്പുകൾക്ക് നിർണ്ണായകമായ പങ്കുണ്ട്. പകർച്ചവ്യാധികളെക്കാളും പ്രകൃതിക്ഷോഭ ദുരന്തങ്ങളെക്കാളും നൂറിരട്ടി മരണങ്ങളാണ് റോഡപകട ത്തിലൂടെ ഉണ്ടാകുന്നത്. നിശ്ചിത പ്രായപരിധിയിലുൾപ്പെടാത്തവർക്ക് ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്നതുമൂലം അത്യാഹിതങ്ങൾ വർദ്ധിക്കുന്നു. ഉത്തരവാദിത്വമില്ലാതെ ലൈസൻസ് കൊടുക്കുന്ന സമ്പ്രദായം കേരളത്തിലല്ലാതെ മറ്റൊരിടത്തുമില്ല. ഇരുചക്ര വാഹനങ്ങളുടെ പെരുപ്പം നിയന്ത്രണാതീതമാണ്. 90 ശതമാനവും യുവാക്കളാണ് അപകടത്തിൽ പ്പെടുന്നത്. ആട്ടോറിക്ഷയുടേയും ടിപ്പർ ലോറികളുടേയും മത്സരയോട്ടം അവസാനിപ്പിക്കണം. ഡ്രൈവിങ്ങിനിടയിൽ മൊബൈൽ ഫോൺ ഉപയോഗി ക്കുന്നത് തടയണം. കാറുകളിലെ സെൻട്രൽ ലോക്ക് സിസ്റ്റം

അപകടമുണ്ടാകുമ്പോൾ പുറത്തു കടക്കാൻ കഴിയാത്ത അവസ്ഥ സംജാതമാക്കുന്നു. മോട്ടോർ വാഹന വകുപ്പിനുള്ളതുപോലെ ട്രാഫിക് പോലീസിനും സ്പീഡ് റഡാറുകൾ നിർബന്ധമാക്കണം. അമിതവേഗത നിയന്ത്രിക്കാനും ബ്രീത്ത് അനലൈസർ പരിശോധന നടത്താനും രക്തപരിശോധന നടത്താനുമുള്ള സംവിധാനം ഉണ്ടാകണം. കാൽനട യാത്രക്കാരുടെ സൗകര്യത്തിന് സീബ്രാലൈൻ മേൽപ്പാതയിലും അടിപ്പാതയിലും നിർബന്ധമാക്കണം. ട്രാഫിക് നിയമം ലംഘിക്കുന്നവർ ക്കെതിരെ കർശനമായ നടപടിയുണ്ടാകണം. ദേശീയ റോഡ് കോൺ ഗ്രസ്സിന്റെ മാനദണ്ഡപ്രകാരമുള്ള റോഡുകൾ സ്ഥാപിക്കണം. റോഡ് നിർമ്മാണത്തിലെ എഞ്ചിനീയറിംഗ് ഘടകങ്ങളും സുരക്ഷാഘടകങ്ങളും പരിശോധിക്കണം. റോഡുകൾ വെട്ടിപ്പൊളിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുവാദത്തോടെ ആയിരിക്കണം. റോഡ് കുഴിക്കുന്നവർ തന്നെ അത് റീ-ടാർ ചെയ്യണമെന്ന കർശനമായ നിർദ്ദേശം നൽകണം. റോഡ് മെയിന്റനൻസിന് തുക വകയിരുത്താൻ അടിയന്തിര നടപടി സ്വീകരിക്കണം. അതോടൊപ്പം റോഡു സുരക്ഷാ അതോറിറ്റിയുടെ രൂപീകരണം സമയ ബന്ധിതമായി നടപ്പിലാക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): ഈ സഭയുടെ മാത്രമല്ല കേരളീയ സമൂഹത്തിന്റെ ആകമാനം വികാരം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ഉപക്ഷേപമാണ് ഇവിടെ അവതരിപ്പിച്ചത്. ഈ നാട്ടിൽ നടക്കുന്ന അപകടങ്ങൾ യാദൃശ്ചികമല്ല, മറിച്ച് 90ശതമാനവും മനുഷ്യനിർമ്മിതമാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മദ്യപിച്ച് വണ്ടി ഓടിക്കുന്നതും അശ്രദ്ധമായും അലക്ഷ്യമായും വാഹനം ഓടിക്കുന്നതും നിയമവിരുദ്ധമായ കടന്നു

കയറ്റവും അമിതഭാരം കയറ്റുന്നതും കാൽനട യാത്രക്കാരുടേയും സൈക്കിൾ യാത്രക്കാരുടേയും അശ്രദ്ധകൊണ്ടുമാണ് 95 ശതമാനവും അപകടങ്ങൾ ഉണ്ടാകുന്നത് എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. വാഹനങ്ങളുടെ ക്രമാതീതമായ പെരുപ്പം നിയന്ത്രിക്കേണ്ടതിനെക്കുറിച്ച് കൂട്ടായി ആലോചിക്കണം. സിംലയിൽ വച്ചുനടന്ന നാഷണൽ റോഡ് സേഫ്റ്റി കൗൺസിലിന്റെ യോഗത്തിൽ വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങളിന്മേൽ നടപടി സ്വീകരിക്കണമെന്ന് എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേരള പോലീസിന്റെ സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ നിന്ന് അപകടങ്ങളെ സംബന്ധിച്ച വസ്തുനിഷ്ഠമായ കണക്കുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1970–ൽ സംസ്ഥാനത്താകെ 86000 വാഹനങ്ങളുണ്ടായിരുന്ന സ്ഥാനത്ത് 2005 ആയപ്പോൾ 32 ലക്ഷമായും 2006–ൽ അത് ഏകദേശം 35 ലക്ഷമായും ഉയർന്നിരിക്കുകയാണ്. 1818939 ഇരുചക്ര വാഹനങ്ങൾ ഉണ്ട്. വാഹനപ്പെരുപ്പംമൂലം ഉണ്ടാകുന്ന അപകടങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പബ്ളിക് ട്രാൻസ്പോർട്ട് സിസ്റ്റത്തെ ശക്തിപ്പെടുത്തി, പ്രത്യേക വാഹനങ്ങളെ ഒഴിവാക്കി പൊതുവാഹനങ്ങളെ അവലംബിക്കാൻ തയ്യാറാകുക എന്നത് വാഹനപ്പെരുപ്പം തടയുന്നതിന് അത്യാവശ്യമാണ്. നാഷണൽ റോഡ് സേഫ്റ്റി കൗൺസിലിൽ വന്ന നിർദ്ദേശങ്ങളിലൊന്ന് ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുമ്പോൾ നിലവിലുള്ള ട്രാഫിക് നിയമങ്ങൾ സംബന്ധിച്ച് വ്യക്തമായ അവബോധം അവർക്ക് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ കർശനമായി പാലിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ഗതാഗത വകുപ്പ് നൽകണമെന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി എല്ലാ സ്ക്കൂളുകളിലും റോഡ് സേഫ്റ്റി ക്ലബുകൾ അടുത്ത അധ്യയനവർഷം

മുതൽ ആരംഭിക്കാൻ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. ഇതുസംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടി ക്കാൻ കാംപെയിനുകളും സ്റ്റഡി ക്ലാസ്സുകളും മാധ്യമങ്ങളിലൂടെയുള്ള പ്രചരണവും നടത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കിയാൽ അപകടങ്ങൾ കുറച്ചു കൊണ്ടുവരാൻ കഴിയുന്നതാണ്. നാഷണൽ ഹൈവേയിൽ അരൂർ മുതൽ പാലക്കാട് വരെയുള്ള പ്രത്യേക സെക്ടർ 2 മാസത്തേയ്ക്ക് മോണിറ്റർ ചെയ്യാൻ നിർദ്ദേശം കൊടുക്കുകയും 16–8–2006 മുതൽ 4 സ്ട്രെച്ചുകളിലായി 5 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അപകടങ്ങൾ പകുതിയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാസ്ഥലത്തും ഇത്തരത്തിൽ എൻഫോഴ്സ്മെന്റ് ശക്തമാക്കാൻ ചില നടപടികൾ സ്വീകരിക്കും. നാഷണൽ ഹൈവേയുടെ ചില മേഖലകളിൽ ഇലക്ട്രോണിക് റഡാറുകൾ സ്ഥാപിച്ച് അമിതവേഗം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വാഹനത്തിന് ആനുപാതികമായി നിരത്തുകളുടെ സൗകര്യം വർദ്ധിപ്പിക്കണം. പ്രോപ്പർ റോഡ് അലൈൻമെന്റ് ഉണ്ടാകണം. സർഫസ് ജ്യോമെട്രി പഠിക്കുകയും super alleviation, road marking, sign boards ഇവയെല്ലാം കൊണ്ടുവരുന്നതിനാവശ്യമായ എഞ്ചിനീയറിംഗ് സംവിധാനമുണ്ടാക്കുകയും വേണം. ഗതാഗത വകുപ്പ് സ്വീകരിക്കേണ്ടുന്ന എല്ലാ നടപടികളും കർശന മായി പാലിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്. 1988–ലെ മോട്ടോർ വാഹന നിയമത്തിൽ വന്ന സമൂലമായ ഭേദഗതിക്ക് ശേഷം പെർമിറ്റ് നൽകുന്നതിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിക്ക് ചില പരിമിതികളുണ്ട്. പെർമിറ്റുള്ള

അപേക്ഷ റിജക്ട് ചെയ്യാൻ കഴിയുന്നതല്ല. റിജക്ട് ചെയ്താൽപ്പോലും സ്വകാര്യ ബസ് ഉടമകൾ കോടതി മുഖേന പെർമിറ്റ് സമ്പാദിക്കുന്ന സ്ഥിതി വിശേഷമാണിന്നുള്ളത്. പെർമിറ്റ് അനുവദിച്ചാൽ time schedule നൽകണം. നാഷണൽ ഹൈവേ അല്ലാത്ത റൂട്ടുകളിൽ കൂടുതൽ പെർമിറ്റ് വരുമ്പോൾ time gap കുറഞ്ഞുവരുന്നത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. വാഹനം ഓടിക്കുമ്പോഴുള്ള മൊബൈൽ ഫോണിന്റെ ഉപയോഗം തടയുന്നതിന് ശക്തമായ നിർദ്ദേശം കൊടുക്കും. ഇതിന് വിദഗ്ദ്ധ സമിതിയുടെ ഉപദേശമല്ല ചില നടപടികളാണ് ആവശ്യം. പൊതുമരാമത്ത്, ട്രാൻസ്പോർട്ട്, പോലീസ് എന്നീ വകുപ്പുകളുടെ സംയുക്തമായ ചില നീക്കങ്ങൾ ഇക്കാര്യത്തിൽ ആവശ്യമാണ്. റോഡ് സുരക്ഷാ അതോറിറ്റി ഓർഡിനൻസിനു പകരമുള്ള നിയമം അടുത്ത സമ്മേളനത്തിലെങ്കിലും പാസ്സാക്കണം. ആ ഓർഡിനൻസിലെ 3-ാം വകുപ്പു പ്രകാരം ഗതാഗത വകുപ്പുമന്ത്രി ചെയർമാനായും മരാമത്ത് വകുപ്പുമന്ത്രി വൈസ് ചെയർമാനായും ഗതാഗതം, നിയമം, ആഭ്യന്തരം, ധനകാര്യം, പൊതുമരാമത്ത്, ആരോഗ്യം, കുടുംബക്ഷേമം, പൊതുവിദ്യാഭ്യാസം, തദ്ദേശഭരണം എന്നീ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ അംഗങ്ങളുമായിട്ടുള്ള ഒരു അതോറിറ്റി രൂപീകരിക്കണം എന്നാണ് വ്യവസ്ഥ. റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ച് ഡിപ്പാർട്ടുമെന്റുകളുടെ വർക്കുകൾ ഏകോപിപ്പിച്ച് കഴിയുന്നത്ര വാഹനാപകടങ്ങൾ കുറയ്ക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. നമ്മുടെ ജീവിത രീതിയിലുണ്ടാകുന്ന സമൂലമായ മാറ്റം ഈ അപകടങ്ങൾ വർദ്ധിക്കുന്ന കാര്യത്തിൽ ഒരു പങ്ക് വഹിക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം ജനങ്ങളെ അറിയിക്കാനുള്ള ഒരു

ബാധ്യത കൂടി അംഗങ്ങൾ ഏറ്റെടുക്കണം. പബ്ളിക് ട്രാൻസ്പോർട്ട് സിസ്റ്റത്തെ കഴിയുന്നത്ര ആശ്രയിച്ച് അതിനെ ശക്തിപ്പെടുത്തുക എന്നുള്ള നയം എല്ലാവരുടേയും പിന്തുണയോടുകൂടി രൂപപ്പെടുത്തിയെടുക്കണം.

**ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം**

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: "റോഡപകടങ്ങൾമൂലം മരണമടയുന്നവരുടെയും അംഗവൈകല്യം സംഭവിക്കുന്നവരുടെയും എണ്ണത്തിൽ കേരളം മുൻപന്തിയിലാണ്. ദിനംതോറും വർദ്ധിച്ചുവരുന്ന ഇത്തരം അതീവ ഗുരുതരമായ അപകടങ്ങളുടെ കാരണങ്ങളെക്കുറിച്ച് പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുമായി റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. വി.എൻ.വാസവൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ.ജി.കാർത്തികേയൻ: ശ്രീ.സി.എച്ച്.കുഞ്ഞമ്പു അവതരിപ്പിച്ച ഉപക്ഷേപത്തിൽ 'നടപടികൾ' എന്നതിനുശേഷം 'ആറുമാസത്തിനുള്ളിൽ' എന്ന് കൂട്ടിച്ചേർക്കുക എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ.ജി.കാർത്തികേയൻ അവതരിപ്പിച്ച ഭേദഗതിയിൽ 'നടപടികൾ കൈക്കൊള്ളുന്നതിനുമായി' എന്നതിനുശേഷം 'ആറുമാസത്തിനുള്ളിൽ' എന്ന് കൂടിച്ചേർത്ത് സ്വീകരിക്കാവുന്നതാണ്.

ഔദ്യോഗിക ഭേദഗതിയോടുകൂടി ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച ഉപക്ഷേപം ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി അവതരിപ്പിച്ച ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചു.

**ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം**

(2) കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിലെ മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതു സംബന്ധിച്ച് സഭ ചർച്ച ചെയ്യണമെന്ന ഉപക്ഷേപം

ശ്രീ. പി. ജയരാജൻ: "കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി കേരളത്തിൽ നടപ്പാക്കാൻ അനുമതി നൽകിയ വയനാട്, പാലക്കാട് ജില്ലകൾക്ക് പുറമേ, കാർഷിക പ്രതിസന്ധി കണക്കിലെടുത്ത്, മറ്റു ജില്ലകളിൽക്കൂടി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന കാര്യം ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു. ഇൻഡ്യയിലെ ഇടതുപക്ഷ പാർട്ടികളുടെ നിർദ്ദേശം അനുസരിച്ചാണ് പൊതു മിനിമം പരിപാടിയിൽ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്വേണ്ടിയുള്ള വാഗ്ദാനം യു.പി.എ. ഗവൺമെന്റ് ഉൾപ്പെടുത്തിയിട്ടുള്ളത്. അത് ഇൻഡ്യയിലെ 200 ജില്ലകളിൽ നടപ്പിലാക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്ത് വയനാട്, പാലക്കാട് ജില്ലകളിലാണ് തൊഴിൽ ഉറപ്പ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. കേരളം രൂക്ഷമായ കാർഷിക പ്രതിസന്ധിയിലാണ്. കേന്ദ്രം ഇക്കാര്യത്തിൽ അനുവദിക്കുന്ന ഫണ്ടിന് സംസ്ഥാനങ്ങൾക്ക് ക്വോട്ടയില്ല. അതിന്റെ വിഭവം എത്രയാണെന്നോ രാജ്യത്തുടനീളം ഇത് വ്യാപിപ്പിക്കുന്നതിന് നിയമത്തിൽ കാലപരിധിയോ നിശ്ചയിച്ചിട്ടില്ല. ഇൻഡ്യയിലെ പൊതു ജനാധിപത്യ പ്രസ്ഥാനങ്ങൾ ആവശ്യപ്പെടുന്നത് ഈ

തൊഴിൽ ഉറപ്പ് പദ്ധതി ഇൻഡ്യയിൽ എല്ലായിടത്തും വ്യാപിപ്പിക്കുന്നതിനു വേണ്ടിയുള്ള സമയക്രമം പ്രഖ്യാപിക്കണമെന്നുള്ളതാണ്. ഈ പദ്ധതി പ്രകാരം തൊഴിൽ എന്നത് ഒരു അവകാശമായി അംഗീകരിച്ച് ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും വർഷത്തിൽ ചുരുങ്ങിയത് 100 ദിവസം തൊഴിൽ ഉറപ്പാക്കപ്പെടും. ചില സംസ്ഥാനങ്ങൾ ഈ പദ്ധതി ബി.പി.എൽ. കുടുംബങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്താൻ ശ്രമം നടത്തിയിരുന്നു. ഈ നിയമ പ്രകാരം ഒരംഗം മാത്രമുള്ളതും ഒരു കുടുംബമാണ്. ഈ പദ്ധതി പ്രകാരം കുടുംബത്തിലെ സ്ത്രീക്ക് മൂന്നിൽ ഒന്ന് എന്ന നിലയ്ക്ക് തൊഴിൽദിനം ലഭിക്കുന്നു. അംഗവൈകല്യമുള്ളവർക്ക് ഉതകുന്ന തരത്തിലുള്ള തൊഴിലിനും വ്യവസ്ഥയുണ്ട്. പദ്ധതിയിൽ അംഗമാകാൻ ആദ്യം പഞ്ചായത്താഫീസിൽ രജിസ്റ്റർ ചെയ്യണം. അപേക്ഷ കൊടുത്തു കഴിഞ്ഞാൽ 15 ദിവസത്തിനകം അതിൽ തീരുമാനമുണ്ടാകണം. അപേക്ഷ കർക്ക് കൊടുക്കുന്ന തൊഴിൽ കാർഡിന് അഞ്ചുവർഷത്തെ നിയമ പ്രാബല്യമുണ്ട്. കേരളത്തിൽ ഇതിനോടകംതന്നെ വയനാട്, പാലക്കാട് ജില്ലകളിൽ ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പല സംസ്ഥാന ങ്ങളിലും മിനിമം കൂലി എന്നത് ഏഴ് മണിക്കൂർ പണിയെടുക്കുന്ന തിനുള്ള കൂലിയായി അറുപതും അൻപത്തിരണ്ടുമെന്നിരിക്കെ കേരളത്തിൽ അത് 125 രൂപയായി നിജപ്പെടുത്തിയിരിക്കുകയാണ്. ഈ നിയമംമൂലം ഒരു കുടുംബത്തിന് ശരാശരി ഒരു വർഷം 12500 രൂപ വരുമാനമുണ്ടാകു മെന്നു കണക്കാക്കുന്നു. തൊഴിലവസരങ്ങൾ നൽകാമെന്നു പറഞ്ഞ് സ്വകാര്യ കരാറുകാർ പല പദ്ധതികളും അട്ടിമറിക്കുകയാണ്.പദ്ധതിക്ക് ഗ്രാമ–ബ്ളോക്ക് പഞ്ചായത്തുകളുടെ മേൽനോട്ടം ഉണ്ടാകും. ഗ്രാമസഭകൾക്ക് പദ്ധതി പ്രവർത്തനത്തിൽ മോണിറ്ററിംഗിനുള്ള അധികാരവുമുണ്ട്. ഈ പദ്ധതി

പ്രകാരം തൊഴിലിനിടയിൽ മരണപ്പെടുകയോ ശാശ്വതമായ പരിക്കുപറ്റു കയോ ചെയ്താൽ 25,000 രൂപ വരെ നഷ്ടപരിഹാരം ലഭിക്കും. രജിസ്റ്റർ ചെയ്തവർക്ക് ജോലി നൽകാൻ സാധിച്ചില്ലെങ്കിൽ തൊഴിൽരഹിത വേതനം നൽകാനുള്ള വ്യവസ്ഥയുണ്ട്. ആദ്യ 30 ദിവസത്തേയ്ക്ക് നാലിലൊരു ഭാഗം തൊഴിൽരഹിത വേതനമായി നൽകുകയും പിന്നീടുള്ള 70 ദിവസ ത്തേയ്ക്ക് പകുതി തൊഴിൽരഹിതവേതനമായി നൽകുവാനുമുള്ള വ്യവസ്ഥ യുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ 90:10 അനുപാതത്തിലുള്ള ഫണ്ടിൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള ഫണ്ട് കൃത്യമായി ലഭ്യമാക്കിയാൽ മാത്രമേ പദ്ധതി വിജയപ്രദമാകുകയുള്ളൂ. കേരളത്തിലെ കാർഷിക മേഖല യിലേയും തോട്ടം മേഖലയിലേയും പ്രതിസന്ധി, സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നതുമൂലം രൂക്ഷമായി വരുന്ന തൊഴിലില്ലായ്മ എന്നിവയ്ക്കെല്ലാം പരിഹാരമാണ് ഈ പദ്ധതി. അതുകൊണ്ട് ഈ പദ്ധതി രണ്ട് ജില്ലകളിൽ മാത്രമായി പരിമിതപ്പെടുത്താതെ കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ തീരുമാനമെടുക്കണം. 2006-ൽ യു.ഡി.എഫ്. ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ 10 ലക്ഷം രൂപയാണ് ഈ പദ്ധതിക്ക് വകയിരുത്തിയത്. എൽ.ഡി.എഫ്. സർക്കാർ ആൾട്ടറേഷൻ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ വകയിരുത്തിയ 1990 ലക്ഷം രൂപയുൾപ്പെടെ 20 കോടി രൂപയാണ് ഈ പദ്ധതിക്കുവേണ്ടി മാറ്റിവച്ചത്. വനസംരക്ഷണം, മരം വെട്ടി മാറ്റൽ, വരൾച്ച ദുരിതാശ്വാസം, ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെറിയ റോഡു നിർമ്മാണം തുടങ്ങി പല വികസന പ്രവർത്തനങ്ങളും ഈ പദ്ധതി യിൻ കീഴിൽ കൊണ്ടുവരാൻ സാധിക്കും. ഭരണ-പ്രതിപക്ഷ വ്യത്യാസ മില്ലാതെ എല്ലാവരുടെയും പിന്തുണയോടെ ഈ പദ്ധതി കേരളത്തിൽ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള ശ്രമങ്ങളാണ് വേണ്ടത്.

<u>ശ്രീ.എം.ഉമ്മർ:</u> പ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഈ ജനകീയ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിലുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കേണ്ട താണ്. അൺസ്കിൽഡ് ലേബറേഴ്സിന് ആവശ്യമായ ബോധ വൽക്കരണം നൽകണം. ഇപ്പോൾ രണ്ട് ജില്ലകളിൽ മാത്രമായി തുടങ്ങിയ പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന വേളയിൽ തുടക്കത്തിൽ ത്തന്നെ പിന്നോക്ക ജില്ലകൾക്ക് പ്രാതിനിധ്യം കൊടുക്കണം. അക്കൂട്ടത്തിൽ ജനസംഖ്യാനുപാതത്തിലും തൊഴിൽരഹിതരുടെ കാര്യത്തിലും ഏറ്റവും മുന്നിൽ നിൽക്കുകയും പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ വളരെ പിന്നിൽ നിൽക്കുകയും ചെയ്യുന്ന മലപ്പുറം ജില്ലയ്ക്ക് മതിയായ മുൻഗണന കൊടുക്കണം.

<u>ശ്രീ.സി.കെ.പി.പത്മനാഭൻ:</u> പ്രമേയത്തെ അനുകൂലിക്കുന്നു. കോമൺ മിനിമം പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്വാഗതാർ ഹമായ ഒരു പദ്ധതിയാണ് ദേശീയ തൊഴിൽ ഉറപ്പു പദ്ധതി. ഇപ്പോൾ രണ്ട് ജില്ലകളിലായി തുടങ്ങിയ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണം. ആഗോളവൽക്കരണത്തിന്റെ സംഭാവനയാണ് രാജ്യത്ത് രൂക്ഷമായി ക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ. മറ്റുള്ളവർക്കുവേണ്ടി പണിയെടുക്കു മ്പോൾ കൃഷിക്കാർ സ്വന്തം ജീവിതത്തിൽ വളരെയധികം ബുദ്ധിമുട്ടുന്ന അവസ്ഥ ലജ്ജാകരമാണെന്നാണ് സ്വാമിനാഥൻ കമ്മീഷൻ അഭിപ്രായ പ്പെടുന്നത്. പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനുള്ളതാണ് ഈ തൊഴിൽ ഉറപ്പ് പദ്ധതി. വയനാട്ടിൽ ഏകദേശം 83000-ലധികം കുടുംബങ്ങൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 2623 പേർക്കു മാത്രമേ ജോബ്

കാർഡ് കിട്ടിയുള്ളൂ. അവിടെ ഏകദേശം ഒന്നേകാൽ ലക്ഷം പേർക്ക് തൊഴിൽ ഉറപ്പാക്കേണ്ടതുണ്ട്. മറ്റു പല പദ്ധതികളെപ്പോലെ തൊഴിൽ ഉറപ്പ് പദ്ധതിയും പ്രഖ്യാപനം മാത്രമായി ഒതുങ്ങരുത്. 'തൊഴിൽ ഇല്ലെങ്കിൽ തൊഴിലില്ലായ്മാ വേതനം' വ്യവസ്ഥ ചെയ്യുന്ന പദ്ധതി ഉടൻ എല്ലാ ജില്ലകളിലും നടപ്പിലാക്കാനുള്ള ഫണ്ട് അപര്യാപ്തമാണെന്ന് യു.പി.എ. സർക്കാർ പറയുന്നുണ്ടെങ്കിലും ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നീക്കി വയ്ക്കുന്ന ഫണ്ട് ഇതിന് പര്യാപ്തമാണ്. കരാറുകാരെ പൂർണ്ണമായി ഒഴിവാക്കണം. ഈ മേഖലയിൽ ലേബർ ബാങ്ക് ഉണ്ടാക്കി ആവശ്യത്തിന് വർക്ക്ലോഡ് സൃഷ്ടിച്ച് വർഷത്തിൽ 100 ദിവസം എന്നതിനു പകരം 200 ദിവസം തൊഴിൽ ലഭ്യമാക്കണം. തരിശായി കിടക്കുന്ന ഭൂമി ഹ്രസ്വകാല വിളകൾക്കു വേണ്ടി പ്രയോജനപ്പെടുത്താൻ കഴിയണം. ആധുനിക തൊഴിലുപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിന് പ്രത്യേക സജ്ജീകരണം ഉണ്ടാക്കണം. എഞ്ചിനീയറിംഗ് കഴിഞ്ഞിറങ്ങുന്നവർ ഒരു നിശ്ചിത കാലയളവ് വരെയെങ്കിലും ഗ്രാമീണ മേഖലയിൽ സേവനമനുഷ്ഠിക്കണമെന്നു നിഷ്ക്കർഷിക്കണം.

ശ്രീ. സി.എഫ്. തോമസ്: പ്രമേയത്തെ അനുകൂലിക്കുന്നു. സ്വാതന്ത്ര്യം ലഭിച്ച നാൾ മുതൽ ഇന്നുവരെ നമുക്ക് സാമൂഹ്യ നീതി ഉറപ്പാക്കുവാൻ സാധിക്കാത്ത ഘട്ടത്തിൽ കേന്ദ്ര സർക്കാർ കൊണ്ടു വന്ന തൊഴിൽ ഉറപ്പ് നിയമം ഏറ്റവും കാലോചിതമായ ഒന്നാണ്. ഇത്തരം പുരോഗമനപരമായ പദ്ധതികളുടെ പ്രയോജനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും ലഭ്യമാക്കണം. ഈ പദ്ധതി രണ്ട് ജില്ലകളിൽ മാത്രമായി പരിമിതപ്പെടുത്താതെ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കണം. കായികാധ്വാനം

ചെയ്യുന്നവരെയാണ് ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൊഴിലില്ലായ്മ എന്ന പ്രശ്നം ഫിസിക്കൽ ലേബറേഴ്സിന്റെ ഇടയിൽ മാത്രമുള്ളതല്ല. കേരളത്തിൽ വിദ്യാഭ്യാസ യോഗ്യതയുള്ള ധാരാളം തൊഴിൽരഹിതരുണ്ട്. അവർക്കുവേണ്ടിയുള്ള പദ്ധതികളും കേന്ദ്ര സർക്കാർ പ്രഖ്യാപിക്കണം. ജോബ് കാർഡ് നൽകി പതിനഞ്ചു ദിവസത്തിനുള്ളിൽ ജോലി നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മാ വേതനം കൊടുക്കേണ്ട ഉത്തരവാദിത്വം സംസ്ഥാന സർക്കാരുകളിൽ നിക്ഷിപ്തമാണ്. ഇക്കാര്യ ത്തിൽ ശരിയായ ക്രമീകരണമില്ലെങ്കിൽ സംസ്ഥാന സർക്കാരിന് അതൊരു ബാധ്യതയായിത്തീരും. വർക്കുകൾ നിശ്ചയിക്കുമ്പോൾ ഖരമാലിന്യ നിർമ്മാർജ്ജനംകൂടി ഉൾപ്പെടുത്തിയാൽ കൂടെക്കൂടെയുണ്ടാകുന്ന സാംക്രമിക രോഗങ്ങളും പകർച്ചവ്യാധികളും നിയന്ത്രിക്കാനാവും.

<u>ശ്രീ. ജോസ് തെറ്റയിൽ:</u> പ്രമേയത്തെ അനുകൂലിക്കുന്നു. തൊഴിൽ അവകാശം മൗലികാവകാശമാണെന്നും തൊഴിൽ എന്നത് ഔദാര്യ മല്ലെന്നതും യു.പി.എ. ഗവൺമെന്റ് മനസ്സിലാക്കിയതിന്റെ ഉത്തമോദാഹരണ മാണ് ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി. ജല സംരക്ഷണം, മരംമുറി, വനസംരക്ഷണം, ചെറുകിട ജലസേചന പദ്ധതികൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുത്തണം. ആഗോളവൽക്കരണത്തിന്റെ ദോഷഫലങ്ങൾ വരുന്നതുകൂടി കണക്കിലെടുത്ത് ഈ സ്കീമിൽ മറ്റ് വിഭാഗം ആളു കളെക്കൂടി ഉൾപ്പെടുത്തണം. ഈ പദ്ധതി കേരളത്തിലെ രണ്ട് ജില്ലകളിൽ മാത്രം പരിമിതപ്പെടുത്താതെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണം. പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് യാതൊരു ജാഗ്രതയും കാണിച്ചില്ല. ഇത് കേരളത്തിലെ യുവജനങ്ങളോട് നടത്തിയ

വെല്ലുവിളിയാണ്. പോരായ്മകൾ പരിഹരിച്ച് ഈ പദ്ധതി പരിഷ്ക്കരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കണം.

ശ്രീ. വി. സുരേന്ദ്രൻപിള്ള: പ്രമേയത്തെ അനുകൂലിക്കുന്നു. 2006 ഫെബ്രുവരി 2-നാണ് കേന്ദ്ര തൊഴിൽമന്ത്രി ഈ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചത്. യു.പി.എ. ഗവൺമെന്റിന് വളരെ മുമ്പുതന്നെ ഈ ബിൽ അവതരിപ്പിക്കാമായിരുന്നു. ഈ ബിൽ അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ വളരെ ശക്തമായി പറഞ്ഞ ശേഷമാണ് യു.പി.എ. സർക്കാർ അതിന് തയ്യാറായത്. കോമൺ മിനിമം പരിപാടിയിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിരുന്നെങ്കിലും കഴിഞ്ഞ 2 കൊല്ലമായിട്ടും കേന്ദ്ര സർക്കാർ പാർലമെന്റിൽ ഈ ബിൽ അവതരിപ്പിക്കുകയോ അതിനെപ്പറ്റി ചിന്തിക്കുകയോ ചെയ്തില്ല. കേരളത്തിലെ 100 കോടി ജനങ്ങളിൽ 72 കോടി ജനങ്ങളും ഗ്രാമ പ്രദേശങ്ങളിലാണ് താമസിക്കുന്നത്. ജോലിക്കുവേണ്ടി അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോയി കഷ്ടപ്പെടുന്നവർക്ക് ഒരു അത്താണിയാണ് ഈ പദ്ധതി. ശുദ്ധജലം, വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരുപതിൽക്കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ ഓരോ സ്ത്രീകളെ കുട്ടികളുടെ മേൽനോട്ടത്തിന് ചുമതലപ്പെടുത്താം. ശുദ്ധജല പദ്ധതികൾ ഏറ്റെടുക്കുന്നതോടൊപ്പം വലിയ മുതൽ മുടക്കില്ലാതെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഒരു പ്രത്യേക പദ്ധതികൂടി ഉൾപ്പെടുത്തണം.

ശ്രീ. വി.എസ്. സുനിൽ കുമാർ: പ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് ബില്ലനുസരിച്ച് കേരളത്തിലെ 2 ജില്ലകളിൽ മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കപ്പെടുന്നത്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇൻഡ്യൻ രാഷ്ട്രീയത്തിൽ ചെലുത്തി

ക്കൊണ്ടിരുന്ന വളരെ ശക്തമായ സമ്മർദ്ദങ്ങളുടെ ഫലമായാണ് ഇത്തരം ഒരു തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തതെന്ന വസ്തുത മറച്ചുവയ്ക്കാൻ കഴിയില്ല. ഇൻഡ്യയിലെ ഗ്രാമപ്രദേശത്തെ പാവപ്പെട്ടവരുടെ ക്ഷേമത്തിനു വേണ്ടിയാണ് ഈ പദ്ധതി കൊണ്ടുവന്നത്. ഈ പദ്ധതി യു.പി.എ.യുടെ പ്രകടനപത്രികയിലുണ്ടെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും കോൺഗ്രസ്സ് ഗവൺമെന്റ് നിയോഗിച്ച ആസൂത്രണ കമ്മിഷൻ ഇതിനെ ശക്തിയായി എതിർക്കുകയാണ് ചെയ്തത്. ഒടുവിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ശക്തമായ രാഷ്ട്രീയ സമ്മർദ്ദംകൊണ്ടുമാത്രമാണ് ഈ പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്. തൊഴിൽ ഉറപ്പ് പദ്ധതി കേരളത്തിലെ രണ്ട് ജില്ലകളിൽമാത്രം പരിമിതപ്പെടുത്താതെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കണം. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത 38 ലക്ഷത്തിലധികം അഭ്യസ്തവിദ്യരുൾപ്പെടെ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ആളുകൾ കേരളത്തിലുണ്ട്. കേരളത്തിലെ വിവിധ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന എല്ലാ പ്രതിസന്ധികൾക്കും കാരണം ഇൻഡ്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നയമാണ്. പല കേന്ദ്രാവിഷ്കൃത പദ്ധതികളും പലപ്പോഴും അഴിമതി നിറഞ്ഞ പദ്ധതികളായി മാറുന്നതിനാൽ ഗുണഭോക്താക്കൾക്ക് അതിന്റെ ഗുണം കിട്ടാത്ത സ്ഥിതിവിശേഷമാണുള്ളത്. അതിനാൽ കരാറുകാരെ ഒഴിവാക്കി അഴിമതിരഹിതമായി ഈ പദ്ധതി നടപ്പിലാക്കാൻ കഴിയണം. വളരെ ശക്തമായ ജനകീയ പങ്കാളിത്തത്തോടുകൂടി വികസന പ്രക്രിയയും ദാരിദ്ര്യ നിർമ്മാർജ്ജനവും സമന്വയിപ്പിച്ച് ഈ പദ്ധതിയെ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ട് പോകാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉണ്ടാകണം. തരിശ് ഭൂമി കൃഷിയോഗ്യമാക്കാനാവശ്യമായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. അതിന് കൃത്യമായി

ആളുകളുടെ അദ്ധ്വാനം ഉപയോഗപ്പെടുത്തുന്നതോടൊപ്പം തണ്ണീർത്തടങ്ങൾ, ഭൂഗർഭ ജലസ്രോതസ്സുകൾ, പരിസ്ഥിതി എന്നിവയുടെ സംരക്ഷണത്തിന് ഉതകുന്ന വിധത്തിൽ, കേരളത്തിന്റെ ചരിത്രത്തിൽത്തന്നെ ഇൻഡ്യയ്ക്ക് മാതൃകയാകുന്ന വിധത്തിൽ, ഈ പദ്ധതി സമഗ്രമായി നടപ്പിലാക്കണം.

<u>ശ്രീ. എ. എ. അസീസ്</u>: പ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റിനെ അധികാരത്തിൽ വരാൻ സഹായിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ഇടതുപക്ഷ പാർട്ടികൾ മുന്നോട്ടുവച്ച നിർദ്ദേശ ങ്ങളിലൊന്നാണ് തൊഴിൽ ഉറപ്പ് പദ്ധതി. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പിന്തുണയ്ക്കുമ്പോൾ അവരുടെ പ്രഖ്യാപിതമായ ചില നയങ്ങൾ നടപ്പിലാക്കാൻ കോൺഗ്രസ്സ് ഗവൺമെന്റിന് ബാദ്ധ്യതയുണ്ടെന്ന് അടിവരയിട്ട് സമ്മതിച്ച ഒന്നാണ് കോമൺ മിനിമം പ്രോഗ്രാം. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന് പ്രാവർത്തികമാക്കാൻ കഴിയാത്തത് എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കും. അതുകൊണ്ടാണ് പാലക്കാടും വയനാടും നടപ്പി ലാക്കാൻ പോകുന്ന പദ്ധതി ഈ പ്രമേയംവഴി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണമെന്ന് പറയുന്നത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും പാവപ്പെട്ടവരെ സഹായിക്കാനും ഈ പദ്ധതി ഉപകരിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ സമീപനംമൂലം വ്യാവ സായിക രംഗത്ത് അസമാധാനം ഉണ്ടാകുകയും വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും കാർഷിക മേഖല പ്രതിസന്ധിയിലാകുകയും ചെയ്തു. പാവപ്പെട്ടവർ പട്ടിണികിടന്ന് മരിക്കാതിരിക്കാനും യുവാക്കൾക്ക് തൊഴില വസരം ലഭിക്കാനും ഉതകുന്ന ബൃഹത്തായ ഈ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കണം.

ശ്രീ.പി.എം.എ.സലാം: പ്രമേയത്തെ അനുകൂലിക്കുന്നു. 2006–ൽ ഇൻഡ്യയിൽ നിലവിൽവന്ന ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കാൻ ഉപകരിക്കും. അതോടൊപ്പം ഗ്രാമീണ മേഖലയുടെ വികസനത്തിന് പുതിയൊരു മാനം നൽകുമെന്ന കാര്യത്തിൽ സംശയമില്ല. ഈ തൊഴിൽ ഉറപ്പ് പദ്ധതി ഗ്രാമീണ മേഖലയിലെ ശുദ്ധജലവിതരണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, എസ്.സി./എസ്.ടി. കോളനികളുടെ വികസനം, വിവിധ ഗ്രാമങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് സഹായ കരമാകും. കാർഷിക മേഖലയിലെ തകർച്ച നേരിടുക, തൊഴിലില്ലായ്മ പരിഹരിക്കുക, ദാരിദ്ര്യനിർമ്മാർജ്ജനം എന്നിവ ലക്ഷ്യംവച്ചുകൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതികൊണ്ട് ഇൻഡ്യയിലെ എല്ലാ വിഭാഗം ആളുകൾക്കും അവികസിത പ്രദേശങ്ങൾക്കും ഗുണം കിട്ടും. ഈ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണം.

ശ്രീ. വി. ചെന്താമരാക്ഷൻ: പ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര ത്തിലെ യു.പി.എ. ഗവൺമെന്റ് കോമൺ മിനിമം പരിപാടിയിൽ ഉൾപ്പെടുത്തി യിട്ടുള്ള ഒരു പ്രധാനപ്പെട്ട പദ്ധതിയെന്ന നിലയിലാണ് കേരളത്തിൽ പാലക്കാട്ടും വയനാടിലും ഈ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി ത്തുടങ്ങിയത്. സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞ് എട്ട് തവണ കോൺഗ്രസ്സിന്റെ ഭരണം ഉണ്ടായിട്ടും ഇപ്പോൾ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ അംഗീകാര മുള്ള യു.പി.എ. ഗവൺമെന്റാണ് കോമൺ മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി ആരംഭിച്ചത്. ഭരണഘടനയിൽ ന്യായവും മനുഷ്യത്വപരവുമായ തൊഴിലവസരവും വിഭാവനം ചെയ്യുന്നുണ്ട്. ഭരണ ഘടനാനുസൃതമായി പൗരന്റെ മൗലികാവകാശം നടപ്പിലാക്കാനുള്ള

യാതൊരു നടപടിയും കോൺഗ്രസ്സ് ഗവൺമെന്റുകൾ നടപ്പിലാക്കിയിട്ടില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു വീട്ടിൽ ഒരാൾക്ക് വർഷത്തിൽ നൂറ് ദിവസം ജോലി ലഭിക്കും. അത് കേരള സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത മുഴുവൻ ആളുകൾക്കും ഒരു വർഷം നൂറ് ദിവസം ജോലി ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽരഹിത വേതനം കൊടുക്കണം. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജോലിസ്ഥലത്ത് അസുഖം വന്നാൽ ചികിത്സാ സഹായം, മരണപ്പെട്ടാൽ പതിനായിരം രൂപവരെ ധനസഹായം തുടങ്ങിയവ നൽകുന്നതിനുള്ള വ്യവസ്ഥകളുണ്ട്. സ്ത്രീകൾക്കും പുരുഷൻമാർക്കും വേതനത്തിൽ അന്തരമുള്ള സംസ്ഥാനമായ കേരളത്തിൽ സ്ത്രീ-പുരുഷ സമത്വം ഇക്കാര്യത്തിലെങ്കിലും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കുറഞ്ഞ കൂലി 125 രൂപയായി നിജപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചത് ഏറ്റവും നല്ല കാര്യമാണ്. പുത്തൻ സാമ്പത്തിക നയങ്ങൾ ജനങ്ങളെ തകർത്തതിന്റെ പ്രായശ്ചിത്തമായിട്ടാണ് കേന്ദ്ര സർക്കാർ ഇത്തരമൊരു പദ്ധതി കൊണ്ടുവന്നിരിക്കുന്നത്. 72 കോടി ഗ്രാമീണർക്കാണ് ഇതിന്റെ ഗുണം കിട്ടുന്നത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പാലക്കാട് ജില്ലയിൽ ഈ പദ്ധതിയുടെ ഉൽഘാടനം കഴിഞ്ഞ് രജിസ്ട്രേഷൻ നടന്നതല്ലാതെ മറ്റു പ്രവർത്തനമൊന്നും ആരംഭിച്ചിട്ടില്ല. തമിഴ്നാട്ടിലും പശ്ചിമബംഗാളിലും ഈ പദ്ധതി വളരെ ക്രിയാത്മകമായി നടക്കുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി ആരംഭിച്ച പാലക്കാട്, വയനാട് ജില്ലകളിൽ എസ്.ജി.ആർ.വൈ., എസ്.ജി.എസ്.വൈ പദ്ധതികളും നടപ്പാക്കണം. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് കാർഡ് വിതരണം ചെയ്ത് പ്രവർത്തനം ആരംഭിക്കണം. ഈ

പദ്ധതി നടപ്പാക്കുമ്പോൾ ഉയർന്നുവരുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനം ഉണ്ടാകണം. പാലക്കാട് ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും പദ്ധതിയുടെ ഔദ്യോഗികമായ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞുവെന്നത് സ്വാഗതാർഹ മാണ്. കാർഷിക മേഖലയെ തകർച്ചയിൽനിന്ന് രക്ഷിക്കാൻ ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കണം. ഈ പദ്ധതി കേരളത്തിലെ മുഴുവൻ ജില്ലകളിലും വ്യാപിപ്പിക്കണം.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> രാജ്യത്തെ സാമ്പത്തിക ആഘാതത്തിൽ നിന്നും കരകയറ്റാൻ കേന്ദ്ര ഗവണ്മെന്റ് നടപ്പാക്കുന്ന ഫലപ്രദമായ നയത്തിന്റെ പ്രധാന ഉദാഹരണമാണ് ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി. നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാം എല്ലായിടത്തും നടപ്പിലാക്കാൻ പോകുകയാണ്. സെൻട്രൽ പ്ലാനിംഗ് കമ്മീഷന്റെ ലിസ്റ്റ് പ്രകാരമാണ് ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിക്കു വേണ്ടി 200 ജില്ലകൾ തെരഞ്ഞെടുത്തത്. .നിയമസാധുതയുള്ള ഈ പദ്ധതിക്കാവശ്യമായ പ്രോജക്ടുകൾ ഉണ്ടാക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയതും രജിസ്റ്റർ ചെയ്ത വ്യക്തിക്ക് തൊഴിൽ നൽകാൻ സാധിക്കാതെ വന്നാൽ ആ വ്യക്തിക്ക് തൊഴിലില്ലായ്മാവേതനം കൊടുക്കണമെന്ന വ്യവസ്ഥയും സ്വാഗതാർഹമാണ്. കോൺട്രാക്ടർമാരെ ഒഴിവാക്കി ജനകീയ പങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പിലാക്കണം. ഈ നിയമത്തിൽ സ്ത്രീ–പുരുഷ വ്യത്യാസമില്ലാതെ തുല്യവേതനം നൽകണമെന്നും സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്കു വേണ്ടി വർക്ക്സൈറ്റ് ഫെസിലിറ്റീസും കുട്ടികളെ നോക്കാൻ ഷെഡ്സും

ഉണ്ടാകണമെന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആനുകൂല്യം നൽകണമെന്നുമുള്ള വ്യവസ്ഥകൾ സ്വീകാര്യമാണ്.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദുകുട്ടി): ചർച്ചയിൽ പങ്കെടുത്ത് ഈ പദ്ധതി നടപ്പാക്കാൻ ഉതകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചതിനെ സ്വാഗതം ചെയ്യുന്നു. 2006 ഫെബ്രുവരിയിൽ ആരംഭിച്ച ഈ പദ്ധതി വളരെ ജാഗ്രതയോടുകൂടി നടപ്പാക്കേണ്ടതായി ഗവൺമെന്റ് കരുതുന്നു. ആദ്യം ഉണ്ടാക്കിയ സംവിധാനത്തിൽ കുറച്ച് മാറ്റങ്ങൾ ആവശ്യമായി വന്നതിന്റെയും ഈ പദ്ധതി നടപ്പിലാക്കുന്നതിന് പിന്നോക്ക ജില്ലയെ ഇതിൽ ഉൾപ്പെടുത്തേണ്ട എന്ന അഭിപ്രായം ഉന്നയിക്കപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് കുറച്ച് കാലതാമസമുണ്ടായിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം വളര ശക്തിയായി ഉയർന്നുവന്നിട്ടുണ്ട്. കാർഷികരംഗത്ത് ഏറ്റവും കൂടുതൽ തകർച്ച നേരിടുന്ന ഇടുക്കി, കാസർഗോഡ് ജില്ലകൾ കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയേയും ഗ്രാമവികസന വകുപ്പു മന്ത്രിയേയും കണ്ട് അഭ്യർത്ഥിച്ചുവെങ്കിലും ഇക്കൊല്ലം പുതിയ ജില്ലകൾ അംഗീകരിക്കുന്നില്ല എന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്. ഈ ആവശ്യം വീണ്ടും കേന്ദ്രത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതാണ്. ഈ പദ്ധതിക്ക് ഒട്ടേറെ നല്ല വശങ്ങളുണ്ട്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഈ പദ്ധതിയിൽ തുല്യവേതനം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി അർഹിക്കുന്നവർക്ക് തൊഴിൽ നൽകാനും സംസ്ഥാനത്തിന് ഒരു അസറ്റായി മാറ്റാനും കഴിയണം. കേന്ദ്ര പദ്ധതികൾ വടക്കേ ഇൻഡ്യയിലെ പാറ്റേൺ അനുസരിച്ചുള്ളതായതിനാൽ കേരളത്തിൽ

നടപ്പിലാക്കാൻ കുറേയേറെ പ്രയാസങ്ങൾ നേരിടാറുണ്ട്. ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ സംരക്ഷിച്ച് നടപ്പാക്കിയാൽ മാത്രമേ ഈ പദ്ധതി 100 ശതമാനവും വിജയത്തിലെത്തിക്കാൻ കഴിയുകയുള്ളു. പാലക്കാട്-വയനാട് ജില്ലകളിൽ എസ്.ജി.ആർ.വൈ പദ്ധതി നിർത്തിവച്ചതിനാൽ ഇതുവരെ കിട്ടിയിരുന്ന ആ പദ്ധതിയുടെ ആനുകൂല്യം ഭാവിയിൽ കിട്ടുകയില്ല. കേരള ഗ്രാമീണ തൊഴിൽ ഉറപ്പ് സ്കീം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് 23-6-2006-ൽ സംസ്ഥാന ഗവൺമെന്റ് വിജ്ഞാപനം പുറത്തിറക്കുകയും ഇതിന്റെ മേൽനോട്ടത്തിനായി തദ്ദേശഭരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനായും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മെമ്പർ സെക്രട്ടറിയായും സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിലിന് രൂപം നൽകി. ഇതിന്റെ നടത്തിപ്പിനായി വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ത്രിതല പഞ്ചായത്തുകളുടെ യോഗം വിളിച്ച് പദ്ധതി പ്രചരണത്തിനായി വിശദമായ ഒരു കൈപുസ്തകം പ്രസിദ്ധീകരിക്കുകയും 'കില'യുടെ ആഭിമുഖ്യത്തിൽ വിവിധ തലങ്ങളിലുള്ളവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ 143653 പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 2175 പേർക്ക് തൊഴിൽ കാർഡ് നൽകുകയും 85 പ്രവൃത്തികൾക്ക് 62.64 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ 82599 പേർ രജിസ്റ്റർ ചെയ്തതിൽ 987 പേർക്ക് കാർഡ് നൽകുകയും 17 പ്രവൃത്തികൾക്ക് 39.19 ലക്ഷം രൂപ ചെലവഴിച്ച് 500 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. ഈ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും നവംബർ

മാസത്തോടെ തൊഴിൽ കാർഡ് പൂർണ്ണമായി നൽകി ജോലി നൽകുന്നതാണ്. കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ അവതരിപ്പിക്കുന്നതാണ്. ഇത് പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

**ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപങ്ങൾ**

ശ്രീ.കെ.സി.ജോസഫ്: "തൊഴിലില്ലായ്മ മൂലവും മറ്റും സംസ്ഥാനത്തെ ജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യവും ഏകദേശം 25 ലക്ഷത്തോളം ആളുകൾ സംസ്ഥാന ഗവൺമെന്റിന്റെ വിലയിരുത്തൽ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുണ്ടെന്ന സ്ഥിതിവിശേഷവും കണക്കിലെടുത്ത് കേന്ദ്ര സർക്കാരിന്റെ തൊഴിൽ ഉറപ്പ് പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു".എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ.ജി.കാർത്തികേയൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. സി.കെ.പി. പത്മനാഭൻ: "കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയ വയനാട്, പാലക്കാട് ജില്ലകൾക്ക് പുറമേ സംസ്ഥാനത്തൊമ്പാടുമുണ്ടായ കാർഷിക പ്രതിസന്ധി കണക്കിലെടുത്ത് മറ്റ് ജില്ലകളിൽകൂടി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. സി.കെ.പി. പത്മനാഭൻ അവതരിപ്പിച്ച ഉപക്ഷേപം ഐകകണ്ഠ്യേന സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 5.35–ന് പിരിഞ്ഞു.

. .